17
2024
ഏപ്രിൽ
ബുധൻ
മേടം 4

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.168 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-168 പേജ് 4. വില 2.00 രൂപ




02 വോട്ടിന് ഇനി ഒമ്പതു നാൾ; പ്രചാരണം ടോപ് ഗിയറിൽ

03 സംസ്ഥാനത്ത് ഉപയോഗിക്കുന്നത് 30,238 ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങൾ

04 ഒളിമ്പിക് ദീപം തെളിഞ്ഞു, കിലോമീറ്ററുകൾ താണ്ടി പാരിസിലേക്ക്

# ഛത്തീസ്ഗഢിൽ ഏറ്റുമുട്ടൽ; 29 മാവോയിസ്റ്റുകളെ വധിച്ചു

## 25 ലക്ഷം ഇനാം പ്രഖ്യാപിച്ചിരുന്ന നേതാവും കൊല്ലപ്പെട്ടു

റായ്പൂർ: ഛത്തീസ്ഗഢിൽ ആദ്യഘട്ട ലോക്സഭ തിരഞ്ഞെടുപ്പ് വെള്ളിയാഴ്ച നടക്കാനിരിക്കെ

സുരക്ഷാസേന 29 മാവോയിസ്റ്റുകളെ വധിച്ചു. തലയ്ക്ക് 25 ലക്ഷം വിലയിട്ടിരുന്ന മാവോയിസ്റ്റ് നേതാവ് ശങ്കർ റാവു ഉൾപ്പെടെയുള്ളവരെയാണ് വധിച്ചത്. ഏറ്റുമുട്ടലിൽ മൂന്ന് സുരക്ഷ ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. 18 മാവോയിസ്റ്റുകളുടെയും മൃതദേഹങ്ങൾ കണ്ടെടുത്തു. കൊല്ലപ്പെട്ടവരുടെ എണ്ണം ഇനിയും വർദ്ധിച്ചേക്കുമെന്ന് പൊലീസ് അറിയിച്ചു.ഇന്നലെ ഉച്ചയ്ക്ക് രണ്ടോടെ കങ്കർ ജില്ലയിലെ ബിനഗുണ്ട, കൊറോനാർ ഗ്രാമങ്ങൾക്കിടയിലുള്ള ഹപതോല വനത്തിൽ അതിർത്തി രക്ഷാസേനയുടെയും (ബി.എസ്.എഫ്) സംസ്ഥാന ജില്ല റിസർവ് ഗാർഡിന്റെയും (ഡി.ആർ.ജി) സംയുക്ത പരിശോധനയ്ക്കിടെയാണ് ഏറ്റുമുട്ടലുണ്ടായത്. ഇന്റലിജൻസ് റിപ്പോർട്ടിനെ തുടർന്നാണ് സംഘം പട്രോളിംഗിനെത്തിയത്.മണിക്കൂറുകളോളം നീണ്ട ഏറ്റുമുട്ടൽ തുടരുകയാണ്. ഏഴ് എ.കെ 47 തോക്കുകളും മൂന്ന് എൽ.എം.ജികളും ലൈറ്റ് മെഷീൻ ഗണ്ണുകളും ഉൾപ്പെടെ നിരവധി ആയുധങ്ങളും കണ്ടെടുത്തു. പരിക്കേറ്റ സുരക്ഷാ ഉദ്യോഗസ്ഥരുടെ നില തൃപ്തികരമാണ്.



കൂടുതൽ സേനയെ പ്രദേശത്ത് വിന്യസിച്ചിട്ടുണ്ട്.കാങ്കർ ജില്ലയിൽ മാത്രം 60,000ത്തോളം സുരക്ഷാ ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്.

തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷം സംസ്ഥാനത്ത് മാവോയിസ്റ്റ് വിരുദ്ധ ഓപ്പറേഷനുകൾ ശക്തമാക്കിയിരുന്നു. കഴിഞ്ഞ വർഷം നവംബറിൽ സംസ്ഥാനത്ത് നിയമസഭ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്നതിനിടെ കങ്കറിൽ സുരക്ഷാസേനയും മാവോയിസ്റ്റുകളും തമ്മിൽ വെടിവയ്പുണ്ടായിരുന്നു. ദന്തേവാഡ ജില്ലയിലെ ബന്ദയിൽ പോളിംഗ് സ്റ്റേഷന് സമീപം വിന്യസിച്ച ഡി.ആർ.ജി ഉദ്യോഗസ്ഥർക്ക് നേരെ മാവോയിസ്റ്റുകൾ വെടിയുതിർക്കുകയായിരുന്നു.കനത്ത സുരക്ഷസംസ്ഥാനത്ത് 19, 26, മേയ് ഏഴ് എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായാണ് ലോക്സഭ തിരഞ്ഞെടുപ്പ്. ഇതോടനുബന്ധിച്ച് ബസ്തർ അടക്കം മാവോയിസ്റ്റ് സ്വാധീനമുള്ള മേഖലകളിൽ കനത്ത സുരക്ഷ ഒരുക്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനു ശേഷം ഛത്തീസ്ഗഢ്,? തെലങ്കാന സംസ്ഥാനങ്ങളിലുൾപ്പെടെ മാവോയിസ്റ്റ് വിരുദ്ധ?ഓപ്പറേഷനുകൾ?ശക്തമാക്കിയിരിക്കുകയാണ്. ഇതിനിടെ ഛത്തീസ്ഗഢിൽ മാത്രം 13 മാവോയിസ്റ്റുകളെ സുരക്ഷാസേന വധിച്ചു. നിരവധി തവണ ഏറ്റുമുട്ടലുകൾ ഉണ്ടായി. വൻ ആയുധ ശേഖരവും പിടികൂടി.

### കുഞ്ഞിന്റെ മരണം:കോടതിയെ സമീപിക്കാനൊരുങ്ങി അമ്മ

താമരശ്ശേരി (കോഴിക്കോട്) : കുഞ്ഞിന്റെ മരണത്തിൽ താമരശ്ശേരി താലൂക്ക് ആശുപത്രി അധികൃതർക്കു പരിചരണപിഴവു പറ്റിയെന്ന പരാതിയിൽ നടപടി ഉണ്ടാവാത്ത സാഹചര്യത്തിൽ നീതി തേടി കോടതിയെ സമീപിക്കാൻ ഒരുങ്ങി കുഞ്ഞിന്റെ അമ്മ. വക്കിൽ ഫീസ് നൽകാൻ ഇല്ലാത്തതിനാൽ ചികിത്സാ സംബന്ധമായ രേഖകളുമായി കോടതിയെ നേരിട്ടു സമീപിക്കുമെന്ന് അമ്മ ബിന്ദു പറഞ്ഞു.

പുതുപ്പാടി ഈങ്ങാപ്പുഴ കോരങ്ങൽ ബിന്ദുവിനും കെ.ടി.ഗിരീഷിനും 8 വർഷത്തെ കാത്തിരിപ്പിനു ശേഷം ഉണ്ടായ കുഞ്ഞ് കഴിഞ്ഞ തിങ്കളാഴ്ച പുലർച്ചെ മൂന്നോടെയാണ് കോഴിക്കോട് മെഡിക്കൽ കോളജ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ ചികിത്സയിലിരിക്കെ മരിച്ചത്.

# ഡ്യൂട്ടിക്ക് മദ്യപിച്ചെത്തി, മദ്യം സൂക്ഷിച്ചു; 100 ജീവനക്കാർക്കെതിരെ നടപടി

തിരുവനന്തപുരം: മദ്യപിച്ചെത്തിയതിനും ഡ്യൂട്ടിക്കിടയിൽ മദ്യം സൂക്ഷിച്ചതിനും 100 കെ.എസ്.ആർ.ടി.സി ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി.

2024 ഏപ്രിൽ ഒന്ന് മുതൽ 15 വരെ കെ.എസ്. ആർ. ടി. സി വിജിലന്റ്സ് സ്പെഷ്യൽ സർപ്രൈസ് ഇൻവെസ്റ്റിഗേഷൻ പ്രോ?ഗ്രാമിന്റെ ഭാ?ഗമായാണ് നടപടി.കെ.എസ്.ആർ.ടി.സിയുടെ 60 യൂണിറ്റുകളിൽ നടത്തിയ പരിശോധനയിൽ ഒരു സ്റ്റേഷൻ മാസ്റ്റർ, രണ്ട് വെഹിക്കിൾ സൂപ്പർവൈസർ, ഒരു സെക്യൂരിറ്റി സർജന്റ്, 9 സ്ഥിരെ മെക്കാനിക്ക്, ഒരു ബദൽ മെക്കാനിക്ക്, 22 സ്ഥിരം കണ്ടക്ടർമാർ, 9 ബദൽ കണ്ടക്ടർ, ഒരു കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് കണ്ടക്ടർ, 39 സ്ഥിരം ഡ്രൈവർമാർ, 10 ബദൽ ഡ്രൈവർമാർ, അഞ്ച് സ്വിഫ്റ്റ് ഡ്രൈവർ കം കണ്ടക്ടർ എന്നിവകെയാണ് ഡ്യൂട്ടിക്ക് മദ്യപിച്ചെത്തിയതായി കണ്ടെത്തിയത്. 60 യൂണിറ്റുകളിലായി കെ.എസ്.ആർ.ടി.സി.യിലെ 74 സ്ഥിരം ജീവനക്കാരെ സസ്പെന്റ് ചെയ്യുകയും സ്വിഫ്റ്റിലെ താത്ക്കാലിക ജീവനക്കാരും കെ.എസ്.ആർ.ടി.സി.യിലെ ബദൽ ജീവനക്കാരും അടങ്ങുന്ന 26 പേരെ സർവീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഡ്യൂട്ടിക്കെത്തുന്നു വനിതകൾ ഒഴികെയുള്ള മുഴുവൻ ജീവനക്കാരെയും ബ്രീത്ത് അനലൈസർ ഉപയോഗിച്ച് പരിശോധിച്ച് ജീവനക്കാർ മദ്യപിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തി മാത്രമേ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുവാൻ പാടുള്ളൂ എന്നാണ് നിലവിലെ ഉത്തരവ്.

വനിതകൾ ഒഴികെയുള്ള മുഴുവൻ ജീവനക്കാരെയും ബ്രീത്ത് അനലൈസർ ഉപയോഗിച്ച് പരിശോധിച്ച് ജീവനക്കാർ മദ്യപിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തി മാത്രമേ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുവാൻ പാടുള്ളൂ എന്നാണ് നിലവിലെ ഉത്തരവ്. ഇതിന്റെ ചുവട് പിടിച്ചാണ് പ്രത്യേക പരിശോധന നടത്തിയത്.

ഗതാഗത മേഖലയിലെ തൊഴിലാളികളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന ചെറുതും വലുതുമായ തെറ്റുകുറ്റങ്ങൾ പൊതുജനങ്ങളുടെ സുരക്ഷയെ നേരിട്ട് ബാധിക്കുന്നു എന്നതുകൊണ്ടാണ് പ്രത്യേക പരിശോധനയ്ക്ക് ഉത്തരവ് നൽകിയിട്ടുള്ളത്. ഒരു ചെറിയ വിഭാഗം ജീവനക്കാർ ഇപ്പോഴും ഇത്തരം മുന്നറിയിപ്പുകളെ അവഗണിച്ച് നിരുത്തരവാദപരമായ രീതി അനുവർത്തിച്ചു വരുന്നതായി കാണപ്പെടുന്നു. അത് ഒരുതരത്തിലും അനുവദിച്ചു നൽകുവാനാകില്ല. യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷയെ ബാധിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവർത്തികൾ പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യിൽ നിന്നും ഒഴിവാക്കേണ്ടതുണ്ട്. ഇതിനുള്ള പരിശ്രമങ്ങളും പരിശോധനകളും നടപടികളും തുടരുമെന്നും കെ.എസ്.ആർ.ടി.സി മാനേജ്മെന്റ് അറിയിച്ചു.

### മുഖ്യമന്ത്രി പിണറായി വിജയന്റെ അനുശോചനം

തിരുവനന്തപുരം : കർണാടക സംഗീതരംഗത്തെ പ്രഗത്ഭനായ ശ്രേഷ്ഠ ഗായകനെയാണ് കെ ജി ജയന്റെ നിര്യാണത്തോടെ നമുക്ക് നഷ്ടമായത്. ജയവിജയ എന്ന് കേരളത്തിലും പുറത്തും പ്രശസ്തരായ ഗായക ദ്വന്ദത്തിൽ ഒരാൾ ആയിരുന്നു ഇപ്പോൾ വിട പറഞ്ഞ ജയൻ. ശാസ്ത്രീയ സംഗീതത്തെ ജനകീയമാക്കുന്നതിനും ഭക്തിഗാനങ്ങൾക്ക് കൂടുതൽ ജനസ്വീകാര്യത നൽകുന്നതിനും അദ്ദേഹം വഹിച്ച പങ്ക് എടുത്തുപറയേണ്ടതുണ്ട്.

ഭാവഗംഭീരമായ ശബ്ദം ആസ്വാദകരെ സംഗീതത്തിന്റെ അതുവരെ അറിയാത്ത തലങ്ങളിലേക്ക് ഉയർത്തി. അയ്യപ്പഭക്തിഗാനങ്ങൾക്ക് സവിശേഷമായ ജനപ്രിയത ഉണ്ടാക്കുന്നതിനും സംഗീതജ്ഞരായ ജയവിജയൻമാർ തങ്ങളുടെ പങ്ക് വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖിക്കുന്ന കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുന്നു.

### ഉയർന്ന താപനില മുന്നറിയിപ്പ്

തിരുവനന്തപുരം : ഏപ്രിൽ 17 വരെ തൃശൂർ, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ 17 വരെ ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്.



# സംഗീത സംവിധായകനും ഗായകനുമായ കെ. ജി ജയൻ അന്തരിച്ചു

കൊച്ചി: പ്രശസ്ത സം?ഗീതജ്ഞൻ കെ.ജി.ജയൻ (ജയവിജയ) (90) അന്തരിച്ചു. തൃപ്പൂണിത്തുറയിലെ വീട്ടിൽവെച്ചാണ് അന്ത്യം. ചലച്ചിത്ര ?ഗാനങ്ങളിലൂടെയും ഭക്തി?ഗാനങ്ങളിലൂടെയും സം?ഗീതാസ്വാദകരുടെ മനംകവർന്ന സം?ഗീതപ്രതിഭയായിരുന്നു അദ്ദേഹം. നടൻ മനോജ് കെ ജയൻ മകനാണ്.

ഇക്കഴിഞ്ഞ ഡിസംബറിലായിരുന്നു കെ.ജി. ജയൻ നവതി ആഘോഷിച്ചത്. സം?ഗീതജീവിതത്തിന്റെ 63 ാം വർഷത്തിലേക്കും അദ്ദേഹം കടന്നിരുന്നു. കെ. ജി ജയൻ, കെ.ജി വിജയൻ ഇരട്ടസഹോദരന്മാരുടെ പേര് ചുരുക്കി 'ജയവിജയ' എന്നാക്കിയത് നടൻ ജോസ് പ്രകാശ് ആയിരുന്നു. ആ കൂട്ടുകെട്ട് തെക്കേ ഇന്ത്യ മുഴുവൻ അലയടിച്ച ഗാനങ്ങളിലൂടെ പ്രണയമായും ഭക്തിയായും ഹൃദയങ്ങളിൽ അലയടിച്ചു.

ഇഷ്ടദൈവമായ അയ്യപ്പസ്വാമിക്കു ഗാനാർച്ചന ഒരുക്കിയാണ് ജയവിജയന്മാർ സംഗീതയാത്രയ്ക്കു തുടക്കമിട്ടത്. ശബരിമല ക്ഷേത്രം ഭരിക്കുന്ന ദേവസ്വം ബോർഡ് പുറത്തിറക്കിയ ഒരേയൊരു ഭക്തിഗാന ആൽബം' ശബരിമല അയ്യപ്പനി'ലെ ഏറ്റവും ഹിറ്റായ ഗാനങ്ങളിലൊന്നും അവരുടേതാണ്. സന്നിധാനത്ത് നടതുറക്കുമ്പോൾ കേൾക്കുന്ന 'ശ്രീകോവിൽ നടതുറന്നു' എന്ന ഗാനം ഇവർ ഈണമിട്ട് പാടിയതാണ്. ഈണം നൽകിയ 'ഇഷ്ടദൈവമേ സ്വാമി ശരണമയ്യപ്പാ...' ആലപിച്ചത് പി. ലീല. ഒരു സ്ത്രീ ആദ്യമായി പാടുന്ന ഭക്തിഗാനമെന്ന ക്രെഡിറ്റ് ഈ ഗാനത്തിനുണ്ട്.

ഇരുപതോളം സിനിമകൾക്ക് സം?ഗീത സംവിധാനം നിർവഹിച്ചു. 1968ൽ പുറത്തിറങ്ങിയ ഭൂമിയിലെ മാലാഖമാർ ആണ് ആദ്യസിനിമ. 'നക്ഷത്രദീപങ്ങൾ തിളങ്ങി...', 'ഹൃദയം ദേവാലയം...' തുടങ്ങിയവ ഏറെ ഹിറ്റായി.

1988ലായിരുന്നു കെ.ജി. വിജയന്റെ വിയോ?ഗം. യേശുദാസ് ആലപിച്ച് കെ.ജി. ജയൻ ഈണമിട്ട മയിൽപ്പീലി എന്ന കൃഷ്ണഭക്തി?ഗാന ആൽബം ഇന്നും ആസ്വാദകഹൃദയങ്ങളിലുണ്ട്. കോട്ടയം നാഗമ്പടം കടമ്പൂത്ര മഠത്തിൽ ഗോപാലൻ തന്ത്രിയുടേയും പൊൻകുന്നം തകടിയേൽ കുടുംബാംഗം പരേതയായ നാരായണിയമ്മയുടേയും മകനായിട്ടാണ് ജനനം. ശ്രീനാരായണഗുരുവിന്റെ നേർ ശിഷ്യനായിരുന്നു അച്ഛൻ ഗോപാലൻ തന്ത്രി. ഭാര്യ പരേതയായ സരോജിനി അധ്യാപികയായിരുന്നു. മക്കൾ: ബിജു കെ.ജയൻ എന്നൊരു മകൻകൂടിയുണ്ട്.

2019ൽ രാജ്യം പദ്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. 1991ൽ സംഗീതനാടക അക്കാദമി, 2013ൽ ഹരിവരാസനം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

# സർക്കാരിന്റെ ഔദാര്യമല്ല, അവകാശമാണ്

**പി സ്റ്റെല്ലസ്**

ക്ഷേമ പെൻഷൻ അവകാശമല്ല എന്നുസംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ വാദിക്കാൻ ഉള്ള സാഹചര്യം എന്താണെന്നു പൊതുജനങ്ങൾക്ക് ഇടയിൽ വ്യക്തമാക്കേണ്ടതാണ്.പെൻഷൻ ഒരു അവകാശമല്ലാത്തതുകൊണ്ടു കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യാമെന്നുള്ള മുൻകൂട്ടി ജാമ്യം ഹൈക്കോടതിയിൽ നിന്നുവാങ്ങുന്നതു പെൻഷൻ ഇല്ലാതാക്കാനുള്ള പ്രവർത്തനത്തിന്റെ ഭാഗമാണോ എന്നുബലമായി സംശയിക്കേണ്ടിയിരിക്കുന്നു.'കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം പെൻഷൻ അതു സർവീസിൽ നിന്നു പിരിയുന്ന വർക്കുള്ള പെൻഷൻ ആയാലും സാമൂഹ്യ പെൻഷൻ ആയാലും വിധവ പെൻഷൻ ആയാലും ക്ഷേമനിധി ബോർഡിൽ വിഹിത മടക്കുന്ന ഓരോ തൊഴിലാളിക്കും അവകാശപ്പെട്ടതാണ് ക്ഷേമപെൻഷൻ.'ഇപ്പോൾ തന്നെ പെൻഷൻ കുടിശിക ഇടാതെ പല സാങ്കേതിക കാരണങ്ങൾ പറഞ്ഞു പെൻഷൻ ഇല്ലാതാക്കുകയും ചെയ്യുന്ന അവസരത്തിലാണു ഇത്തരമൊരു അഭിപ്രായവുമായി സർക്കാർ കോടതിയെ സമീപിച്ചിരിക്കുന്നതു വൃദ്ധജനങ്ങളോട് കാണിക്കുന്ന അവഗണനയുടെ ഭാഗമാണ്. പ്രത്യേകിച്ച് മത്സ്യ തൊഴിലാളി മേഖലയ്ക്ക് വലിയ തിരിച്ചടിയാകും നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പുകളിൽ ഇത് പ്രതിഫലിക്കും എന്നതിൽ സംശയം വേണ്ട. ചുരുക്കിപ്പറഞ്ഞാൽ പെൻഷൻ എപ്പോൾ വേണമെങ്കിലും നിർത്തലാക്കാം അതിനെ കോടതിയിൽ പോലും ചോദ്യം ചെയ്യാൻ അവകാശം ഇല്ല എന്നുഅർത്ഥശങ്കയ്ക്കു ഇടയില്ലാതെ സർക്കാർ വ്യക്തമാക്കിയിരിക്കുന്നു .ഇതുകേരളത്തിലെ പെൻഷൻ വാങ്ങി ഉപജീവനം നടത്തുന്ന നിർധനരായ മത്സ്യ തൊഴിലാളി സമൂഹത്തോടും വൃദ്ധജനങ്ങളോടുള്ള ഒരു വെല്ലുവിളിയായിട്ടു മാത്രമേകാണാൻ സാധിക്കുകയുള്ളൂ.സർക്കാർ ജീവനക്കാരായിരുന്നവരുടെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾക്കുമുൻ കാലപ്രാബല്യം നൽകാതിരിക്കുകയും കുടിശ്ശിക കൊടുക്കാതെ ഇരിക്കുകയും ചെയ്യുന്ന ചെയ്യുന്ന സമീപനം വൃദ്ധജനങ്ങളുടെ പെൻഷൻ കാര്യത്തിലും സ്വീകരിക്കാൻ ആണോ സർക്കാർ ശ്രമിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു.ജനങ്ങൾക്കുള്ള അവകാശം ഒരുതരത്തിലും സർക്കാരുകളുടെയോ മറ്റു ആരുടെയും ഔദാര്യമാകാൻ പാടില്ല.ഈ അവകാശം ഔദാര്യമാക്കി മാറ്റി ഇല്ലാതാക്കാനുള്ള നീക്കമാണു ഇതിൻറെ പിന്നിലെന്നു സംശയ സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു സർക്കാർ കോടതിയിൽ കൊടുത്ത സത്യവാങ്മൂലം പിൻവലിച്ചു കേരളത്തിലെ നിർധനരായ വൃദ്ധജനങ്ങളോടു മാപ്പുപറയാൻ തയ്യാറാകേണ്ടതാണ്. അല്ലാത്തപക്ഷം ഈ നടക്കുന്ന തെരഞ്ഞെടുപ്പിലൂടെ പ്രതിഷേധം അറിയിക്കുന്നതായിരിക്കും എന്ന് പെൻഷൻ വാങ്ങുന്നവരുടെ ഇടയിൽ കവലകളിൽ വ്യാപകമായ ചർച്ച നടക്കുകയാണ്.

*( ലേഖകൻ സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി സ്റ്റെല്ലസ് )*

# 'കപ്പലിലുള്ളവരെ തടഞ്ഞുവച്ചിട്ടില്ല, കാലാവസ്ഥ മെച്ചപ്പെട്ടാലുടൻ യാത്ര സാധ്യമാകും'

## ഇന്ത്യയിലെ ഇറാൻ സ്ഥാനപതി

ന്യൂഡൽഹി : ഒമാനു സമീപം ഹോർമുസ് കടലിടുക്കിൽനിന്ന് ഇറാൻ പിടിച്ചെടുത്ത എംഎസ്സി ഏരിസ് എന്ന ചരക്കുകപ്പലിലെ 17 ഇന്ത്യക്കാർ ഉൾപ്പെടെ മുഴുവൻ ജീവനക്കാർക്കും കാലാവസ്ഥ മെച്ചപ്പെട്ടാൽ യാത്ര സാധ്യമാക്കുമെന്ന് ഇന്ത്യയിലെ ഇറാൻ സ്ഥാനപതി ഇറാജ് എലാഹി. മോശം കാലാവസ്ഥ കാരണം കപ്പൽ തീരത്ത് അടുപ്പിക്കാനോ കപ്പലിനടുത്തേക്കു ബോട്ട് അയയ്ക്കാനോ സാധിച്ചിട്ടില്ലന്നെും കപ്പലിലുള്ളവരെ തടഞ്ഞുവച്ചിട്ടില്ലെന്നും ഇന്ത്യയിലെ ഇറാൻ സ്ഥാനപതി ഇറാജ് എലാഹി പറഞ്ഞു.

കാലാവസ്ഥ മെച്ചപ്പെട്ടാലുടൻ അവർ!ക്കു യാത്ര സാധ്യമാകുമെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യക്കാരെ കാണാൻ ഇന്ത്യൻ സംഘത്തിന് ഇറാൻ അനുമതി നൽകിയിരുന്നു.

എന്നാൽ മോശം കാലാവസ്ഥ കാരണം ഇവർക്ക് കപ്പലിന് അടുത്തേക്ക് എത്താനായില്ലെന്നാണ് വിവരം. കടൽനിയമങ്ങൾ ലംഘിച്ചെന്ന് ആരോപിച്ചായിരുന്നു ഏപ്രിൽ 13ന് കപ്പൽ ഇറാൻ പിടിച്ചെടുത്തത്.

ഇസ്രയേലുമായുള്ള സംഘർഷത്തിന്റെ പശ്ചാത്തലത്തിലായിരുന്നു നടപടി. ഇസ്രയേലി ശതകോടീശ്വരന്റെ ഉടമസ്ഥതയിലുള്ളതാണ് കപ്പൽ. 4 മലയാളികളുൾപ്പെടെ 17 ഇന്ത്യക്കാരാണ് കപ്പലിലുള്ളത്.

സെക്കൻഡ് ഓഫിസർ വയനാട് മാനന്തവാടി സ്വദേശി പി.വി.ധനേഷ് (32), സെക്കൻഡ് എൻജിനീയർ കോഴിക്കോട് മാവൂർ സ്വദേശി ശ്യാം നാഥ് ((31), തേഡ് എൻജിനീയറായ പാലക്കാട് കേരളശ്ശേരി സ്വദേശി എസ്.സുമേഷ് (31), ട്രെയ്നിയായ തൃശൂർ വെളുത്തൂർ സ്വദേശി ആൻ ടെസ ജോസഫ് (21) എന്നിവരാണ് എംഎസ്സി ഏരീസ് കപ്പലിലെ മലയാളികൾ.

# വോട്ടിന് ഇനി ഒമ്പതു നാൾ; പ്രചാരണം ടോപ് ഗിയറിൽ

കോട്ടയം: വോട്ടുചെയ്യാൻ ഇനി 9 ദിവസം മാത്രം. ദിവസങ്ങൾ ചുരുങ്ങിയതോടെ പ്രചാരണം ടോപ് ഗിയറിലാക്കി മുന്നണികൾ. ആവനാഴിയിലെ മുഴുവൻ അമ്പുകളും പ്രയോഗിച്ചും അടവുകൾ പതിനെട്ടും പയറ്റിയും പാർട്ടികളും മുന്നണികളും പ്രചാരണം കൊഴുപ്പിക്കുമ്പോൾ പ്രചാരണത്തിനു മുമ്പെന്നത്തേക്കാളും വീറും വാശിയുമേറി.

സ്ഥാനാർഥികളുടെ നിയോജക മണ്ഡലം കേന്ദ്രീകരിച്ചുള്ള വാഹനപര്യടനമാണ് ഇപ്പോൾ നടന്നു വരുന്നത്. വാഹനപര്യടനം ഏതാണ്ട് പകുതിയും പൂർത്തിയായിക്കഴിഞ്ഞു. മൂന്നു വട്ടം ഭവന സന്ദർശനവും പൂർത്തിയായി. വനിതകളുടെയും യുവജനങ്ങളുടെയും സ്ക്വാഡുകളുടെ പ്രചാരണമാണ് ഇപ്പോൾ നടക്കുന്നത്. ദേശീയ നേതാക്കൾ എത്തുന്ന പ്രചാരണത്തോടെ ആവേശത്തിൻറെ കൊടുമുടിയേറുന്ന പ്രചാരണം 24നു കൊട്ടിക്കലാശത്തോടെ സമാപിക്കും.

കെ. ഫ്രാൻസിസ് ജോർജ്

യുഡിഎഫ് സ്ഥാനാർഥി കെ. ഫ്രാൻസിസ് ജോർജിൻറെ പ്രചാരണം അവസാന ഘട്ടത്തിലേക്ക് കടക്കുകയാണ്. ഭവനസന്ദർശനവും സ്ക്വാഡ് വർക്കും പൂർത്തിയായി. സ്ഥാനാർഥിയുടെ ചിഹ്നം പതിച്ചുള്ള പുതിയ പോസ്റ്ററുകളും ബോർഡുകളും മണ്ഡലമാകെ നിരന്നുകഴിഞ്ഞു.

18ന് കോട്ടയത്ത് രാഹുൽ ഗാന്ധി പൊതുസമ്മേളനത്തിനെത്തുന്നതോടെ യുഡിഎഫ് പ്രചാരണം കൂടുതൽ ആവേശത്തിലേക്ക് കടക്കും. പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും കെപിസിസി ആക്ടിംഗ് പ്രസിഡൻറ് എം.എം. ഹസനും രമേശ് ചെന്നിത്തലയും കെപിസിസി നേതാക്കളും പലവട്ടം മണ്ഡലത്തിലെത്തി അവലോകനം നടത്തുകയും കുടുംബയോഗങ്ങളിലും പൊതുസമ്മേളനങ്ങളിലും പങ്കെടുക്കുകയും ചെയ്തു. റോഡ്ഷോ, ഓട്ടോറിക്ഷാ റാലി, നിയോജകമണ്ഡലം റാലികൾ തുടങ്ങിയവ വരുംദിവസങ്ങളിൽ നടക്കും.

തോമസ് ചാഴികാടൻ

എൽഡിഎഫ് സ്ഥാനാർഥി തോമസ് ചാഴികാടനും അവസാനവട്ട മണ്ഡലം പര്യടനത്തിലാണ്. സ്ഥാനാർഥിയുടെ അഭ്യർഥന, ഈസ്റ്റർ,വിഷു ആശംസകൾ എന്നിവയുമായി ഇടതുമുന്നണിയുടെ പ്രവർത്തകർ മൂന്നു വട്ടം ഭവന സന്ദർശനം നടത്തിക്കഴിഞ്ഞു. ജനപങ്കാളിത്തത്തോടെയുള്ള കുടുംബയോഗങ്ങൾ ബൂത്ത് അടിസ്ഥാനത്തിലും നടക്കുന്നുണ്ട്. മുഖ്യമന്ത്രി പങ്കെടുത്ത മൂന്നു പൊതുയോഗങ്ങൾ ഇടതുമുന്നണിക്ക് ആവേശം പകർന്നു.

പാലായിൽ ചേർന്ന പ്രമുഖ നേതാക്കളുടെ യോഗത്തിൽ മുഖ്യമന്ത്രി അവലോകനവും നടത്തിയിരുന്നു. കേരള കോൺഗ്രസ് എം ചെയർമാൻ ജോസ് കെ.മാണിയും മന്ത്രി വി.എൻ. വാസവനും മണ്ഡലത്തിൽ മുഴുവൻ സമയവും പ്രചാരണത്തിനു നേതൃത്വം നൽകുന്നു. ഇടതു യുവജന സംഘടനകളുടെ നേതൃത്വത്തിൽ ഭവനസന്ദർശനം, വാഹനറാലി, ഡിജെ എന്നിവയും വരുംദിവസങ്ങളിൽ നടക്കും. കർഷക, ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ വിവിധ സംഗമങ്ങളും നടന്നുവരുന്നു.

# വോട്ടവകാശം ജാഗ്രതയോടെ വിനിയോഗിക്കണം: ആൻറോ ആൻറണി

റാന്നി: ജനങ്ങൾ വോട്ടവകാശം ജാഗ്രതയോടെ വിനിയോഗിക്കേണ്ട നിർണായക തെരഞ്ഞെടുപ്പാണിതെന്ന് യുഡിഎഫ് സ്ഥാനാർഥി ആൻറോ ആൻറണി. എഴുമറ്റൂർ ബ്ലോക്കുതല സ്വീകരണ പര്യടന പരിപാടികളിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തിൻറെ നിലനില്പു തന്നെ അപകടത്തിലായ ഘട്ടത്തിലാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. മതേതര ജനാധിപത്യ സങ്കല്പങ്ങൾ പുലരാൻ വോട്ടവകാശം വിനിയോഗിക്കപ്പെടേണ്ടതുണ്ട്. കാവിവത്കരണവും ചുവപ്പുവത്കരണവും ഫാസിസം ആണെന്ന് ജനങ്ങൾ തിരിച്ചറിയണം. രാജ്യത്തെ കർഷകർക്കും സാധാരണക്കാർക്കും ചേർത്ത് പിടിക്കുന്ന ജനാധിപത്യ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന മുന്നണിയുടെ പേരാണ് ഇന്ത്യ. നമ്മുടെ ഇന്ത്യ നിലനിൽക്കാനായി ഉണർന്ന് പ്രവർത്തിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഇന്ത്യ മുന്നണി അധികാരത്തിലെത്തുമെന്നതിൽ തർക്കമില്ല. സംസ്ഥാനത്തെ ജനദ്രോഹ ഭരണത്തിനെതിരേയുള്ള വിധിയെഴുത്തുകൂടിയാകണം തെരഞ്ഞെടുപ്പെന്നും ആൻറോ പറഞ്ഞു.

കീക്കൊഴൂരിൽ നിന്നാരംഭിച്ച പര്യടനം മുൻ എംഎൽഎ കെ. ശിവദാസൻ നായർ ഉദ്ഘാടനം ചെയ്തു.

എഴുമറ്റൂർ ബ്ലോക്ക് പ്രസിഡൻറ് പ്രഫ. പി.കെ. മോഹൻരാജ്, മണ്ഡലം പ്രസിഡൻറ് ആശിഷ് പാലക്കാമണ്ണിൽ, മുൻ എംഎൽഎ മാലേത്ത് സരളാദേവി, മുസ്ലിം ലീഗ് നേതാവ് സമദ് മേപ്പറത്ത്, ഡിസിസി ജനറൽ സെക്രട്ടറിമാരായ കാട്ടൂർ അബ്ദുൽസലാം, കെ. ജയവർമ, മുൻ ബ്ലോക്ക് പ്രസിഡൻറ് പ്രകാശ് ചരളേൽ തുടങ്ങിയവർ സ്ഥാനാർഥിക്ക് ഒപ്പമുണ്ടായിരുന്നു.

ചെറുകോൽ, അയിരൂർ, കൊറ്റനാട്, എഴുമറ്റൂർ, കോട്ടാങ്ങൽ പഞ്ചായത്തുകളിലൂടെയുള്ള പര്യടനം രാത്രിയിൽ തടിയൂർ ഇടയ്ക്കാട് മാർക്കറ്റിൽ സമാപിച്ചു.

പര്യടനം ഇന്ന് പന്തളത്ത്

പത്തനംതിട്ട: യുഡിഎഫ് സ്ഥാനാർഥി ആൻറോ ആൻറണി ഇന്ന് പന്തളം ബ്ലോക്കിൽ പര്യടനം നടത്തും.

രാവിലെ ചന്ദനപ്പള്ളി ജംഗ്ഷനിൽനിന്നാരംഭിക്കുന്ന പര്യടനം കെപിസിസി പ്രചാരണ വിഭാഗം കൺവീനർ പന്തളം സുധാകരൻ ഉദ്ഘാടനം ചെയ്യും. വൈകുന്നേരം പന്തളത്താണ് സമാപനം.

# ഇന്ത്യ മുന്നണിയുടേത് അവകാശങ്ങൾ ഉറപ്പാക്കുന്ന വാഗ്ദാനം: സി.പി. ജോൺ

പത്തനംതിട്ട: ഇന്ത്യയിലെ ജനങ്ങളുടെ തൊഴിൽ, പാർപ്പിടം, വിവരങ്ങൾ അറിയാനുള്ള അവകാശം എന്നിവ ഉൾപ്പെടെ കോടിക്കണക്കിന് ജനങ്ങൾക്ക് നൽകുന്ന അവകാശങ്ങൾ ഉറപ്പു നൽകുന്ന രാഷ്ട്രീയ സംവിധാനമാണ് ഇന്ത്യ മുന്നണിയെന്ന് സിഎംപി സംസ്ഥാന സെക്രട്ടറി സി.പി. ജോൺ. യുഡിഎഫ് ജില്ലാ കമ്മിറ്റി പത്തനംതിട്ടയിൽ സംഘടിപ്പിച്ച സംവാദ സദസ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കിഫ്ബിയിലൂടെ കേരളത്തിൻറെ സമ്പദ്ഘടനയുടെ മരണമണി മുഴക്കിയതായി അദ്ദേഹം പറഞ്ഞു.

ഇതിന് കാരണക്കാരനായ ധനമന്ത്രിയുടെ പരാജയം ഉറപ്പാക്കേണ്ടത് വരുംതലമുറയ്ക്ക് വേണ്ടി പത്തനംതിട്ട പാർലമെൻറിലെ വോട്ടർമാർ ഏറ്റെടുക്കേണ്ട കർമമാണെന്ന് അദ്ദേഹം പറഞ്ഞു.

ഡിസിസി പ്രസിഡൻറ് പ്രഫ. സതീഷ് കൊച്ചുപറമ്പിൽ മോഡറേറ്ററായിരുന്നു. കെപിസിസി ജനറൽ സെക്രട്ടറി പഴകുളം മധു, എ. ഷംസുദീൻ, കെ.എസ്. ശിവകുമാർ, തങ്കമ്മ രാജൻ, എ. സുരേഷ് കുമാർ, സാമുവൽ കിഴക്കുപുറം, ജി. രഘുനാഥ്, സജി കൊട്ടയ്ക്കാട്, അനിൽ തോമസ്, സിന്ധു അനിൽ എംസി ഷെരീഫ്, ഷാം കുരുവിള, കെ. ജാസിംകുട്ടി, എലിസബത്ത് അബു, രജനി പ്രദീപ്, റോജി പോൾദാനിയൽ എന്നിവർ പ്രസംഗിച്ചു.

ചർച്ചകളിൽ പ്രഫ. ജി. ജോൺ, ശ്യാം എസ്. കോന്നി, അജിത് മണ്ണിൽ, പെരുമ്പുളിക്കൽ ജ്യോതിഷ്കുമാർ, മഞ്ജു വിശ്വനാഥ്, ലാലി ജോൺ, ഗീതാ ചന്ദ്രൻ, സുധാ നായർ, റെനീസ് മുഹമ്മദ്, ഷാജി കുളനട എന്നിവർ പങ്കെടുത്തു.

# കേന്ദ്രത്തിൻറേത് മത്സ്യത്തൊഴിലാളികളെ ദ്രോഹിക്കുന്ന നയം: രമേശ് ചെന്നിത്തല

പൊന്നാനി: പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പട്ടിണിയിലാക്കുന്ന നയമമാണ് കേന്ദ്രസർക്കാറിൻറേതെന്ന് രമേശ് ചെന്നിത്തല. ഇന്ത്യാസഖ്യം അധികാരത്തിലെത്തിയാൽ ആദ്യം ചെയ്യുക പൗരത്വ നിയമം റദ്ദാക്കുകയായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

യുഡിഎഫ് സ്ഥാനാർഥി ഡോ. എം.പി. അബ്ദുസ്സമദ് സമദാനിയുടെ തെരഞ്ഞെടുപ്പ് പ്രചരണാർഥം പൊന്നാനി മരക്കടവിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.മുമ്പ് വള്ളങ്ങളിൽ പോകുന്നവർക്ക് മണ്ണെണ്ണ സൗജന്യമായി നൽകിയിരുന്നു. കേന്ദ്രസർക്കാർ അത് പൂർണമായും നിർത്തലാക്കി.

സംസ്ഥാന സർക്കാരും ഒരു സഹായവും നൽകിയില്ല. ഇന്ത്യയിലെ മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും വലിയ പ്രഹരമേൽപ്പിച്ചതാണ് ബ്ലൂ ഇക്കോണമി. അതിൻറെ ഫലമായി ആഴക്കടലിൽ വൻകിട വിദേശ ട്രോളറുകൾക്ക് യഥേഷ്ടം വിഹരിക്കാൻ അവസരം നൽകി. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിത പൂർണമാക്കി. മത്സ്യത്തൊഴിലാളികളെ പട്ടിണിയിലാക്കുന്ന നയമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്.

ഇങ്ങനെ രാജ്യത്തെ തകർത്തു തരിപ്പണമാക്കിയ ഭരണകൂടമാണ് കേന്ദ്ര ഗവൺമെൻറെന്ന് അദ്ദേഹം പറഞ്ഞു. മണ്ഡലം യുഡിഎഫ് തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ വി സൈദ് മുഹമ്മദ് തങ്ങൾ ഉദ്ഘാടനം ചെയ്തു.

യുഡിഎഫ് മുനിസിപ്പൽ ചെയർമാൻ കെ ജയപ്രകാശ് അധ്യക്ഷനായി.പി.ടി അജയ് മോഹൻ, സയ്യിദ് അഹ്മദ് ബാഫഖി തങ്ങൾ, സി.എം യൂസുഫ്, കല്ലാട്ടേൽ ഷംസു, അഡ്വ. എ.എം രോഹിത്ത്, ഷാജി കാളിയത്തേൽ, വി ചന്ദ്രവല്ലി, കുഞ്ഞി മുഹമ്മദ് കടവനാട്, പി.കെ. അഷറഫ് സംസാരിച്ചു.

# തട്ടിപ്പ് കേസിൽ ജാമ്യം എടുത്തശേഷം കോടതിയിൽ ഹാജരാകാതെ മുങ്ങിനടന്ന സ്ത്രീ പിടിയിൽ

ആറന്മുള: നിരവധി തട്ടിപ്പ് കേസുകളിൽ പ്രതിയായശേഷം മുങ്ങിനടന്ന പത്തനംതിട്ട ചെന്നിർക്കര, പ്രക്കാനം പാലമൂട്ടിൽ വീട്ടിൽ താമസിച്ചിരുന്ന രേഖ പി. ഹരിയെ (44) ആറന്മുള പോലീസ് എറണാകുളത്തുനിന്നും പിടികൂടി.

2013ൽ ഇലന്തൂർ സ്വദേശിയായ സ്ത്രീയുടെ ഒന്നരലക്ഷം രൂപ തട്ടിയെടുത്ത കേസിൽ അറസ്റ്റു ചെയ്തു കോടതിയിൽ ഹാജരാക്കി ജാമ്യം എടുത്തശേഷം മുങ്ങിനടന്നതിനെത്തുടർന്ന് സ്വത്തുക്കൾ കണ്ടെത്തുന്നതിനുള്ള നടപടികൾ കോടതി സ്വീകരിച്ചു വരവേയാണ് എറണാകുളത്ത് താമസിച്ചു ഇവർ തട്ടിപ്പ് നടത്തുന്നതായി വിവരം ലഭിച്ചത്.

തഴവ സ്വദേശിയായ ഇവർ രേഖ പി. എന്നും രേഖ എന്നും പേരുകളിൽ വിവിധ സ്ഥലങ്ങളിൽ താമസിച്ച് തട്ടിപ്പ് നടത്തിയതിന് പത്തനംതിട്ട, തുമ്പ, ഓച്ചിറ, ചാത്തന്നൂർ പോലീസ് സ്റ്റേഷനുകളിലായി കേസുകൾ ഇവരുടെ പേരിൽ ഉണ്ടെന്ന് പോലീസ് പറഞ്ഞു.

രണ്ടു വർഷമായി എറണാകുളത്ത് ഒരു ഫ്ളാറ്റിൽ താമസിച്ച ശേഷം ഇൻഫോപാർക്കിൽ സ്റ്റാർട്ടപ്പ് കമ്പനി തുടങ്ങാമെന്ന് പറഞ്ഞ വിശ്വസിപ്പിച്ചു രണ്ടരക്കോടിയോളം രൂപ ആളുകളിൽനിന്ന് തട്ടിയെടുത്തതിന് തൃക്കാക്കര പോലീസ് ഇവർക്കെതിരേ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ആറന്മുള പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ സി.കെ. മനോജിൻറെ മേൽനോട്ടത്തിൽ സബ് ഇൻസ്പെക്ടർ അജയൻ, എഎസ്ഐ റസീന, മുബാറക്ക് എന്നിവരടങ്ങിയ സംഘമാണ് ഒളിവിൽ കഴിഞ്ഞിരുന്ന ഇവരെ എറണാകുളത്തുനിന്നും പിടികൂടിയത്.

അറസ്റ്റിലായ രേഖയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# ആശുപത്രിയിൽ ഉപേക്ഷിച്ച വൃദ്ധമാതാവ് മരിച്ചു; മകനും പേരമകനും കസ്റ്റഡിയിൽ

കൊടുങ്ങല്ലൂർ: ആശുപത്രിയിൽ മകനും പേരമകനും ഉപേക്ഷിച്ച വൃദ്ധമാതാവ് മരിച്ചു. പറവൂർ വടക്കേക്കരയിൽ താമസിച്ചിരുന്ന കണ്ണൻ ചക്കിശേരി പരേതനായ മൂസയുടെ ഭാര്യ നബീസ(88)യാണ് ഞായറാഴ്ച രാത്രി എട്ടിനു കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ മരിച്ചത്.

സംഭവത്തെ തുടർന്ന് കാക്കാനാട് കണ്ണൻചക്കിശേരി നിസാർ, മകൻ നസീം എന്നിവരെ തൃക്കാക്കര പോലീസ് കസ്റ്റഡിയിലെടുത്തു.

കഴിഞ്ഞ പത്തിനു റംസാൻദിവസം രാത്രിയിൽ നബീസയുടെ മകനും പേരമകനും കൂടിയാണ് കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിലെ അത്യാഹിതവിഭാഗത്തിലേക്കു നബീസയെ കൊണ്ടുവന്നത്. ഇടയ്ക്കിടെ തലകറങ്ങുന്നെന്നു പറഞ്ഞാണ് അത്യാഹിതവിഭാഗത്തിലേക്കു കയറ്റിയത്.

പ്രായാധിക്യത്താൽ അവശയായ നബീസയുടെ തലയിൽ മുറിവും ദേഹത്ത് അടിയേറ്റതിൻറെ പാടും പരിശോധനയിൽ ഡോക്ടർ കണ്ടെത്തി.

രോഗിയെ കൊണ്ടുവന്നവരെ ആശുപത്രിപരിസരത്തു ജീവനക്കാർ അന്വേഷിച്ചെങ്കിലും കണ്ടെത്താനായില്ല. നേരം പുലർന്നിട്ടും രോഗിയെ കൊണ്ടുവന്നവർ എത്താതായതോടെ ഡ്യൂട്ടി ഡോക്ടർ പുല്ലൂറ്റ് പ്രവർത്തിക്കുന്ന വെളിച്ചം അഗതിമന്ദിരത്തിൽ വിവരമറിയിച്ചു.

അഗതിമന്ദിരം മാനേജർ അബ്ദുൾ കരീം ആശുപത്രിയിലെത്തി നബീസയുടെ സംരക്ഷണം ഏറ്റെടുത്തു. പിന്നീട്, കാക്കനാട് താമസിക്കുന്ന ഇളയ മകൻ നിസാറും മകനുമാണ് താലൂക്ക് ആശുപത്രിയിൽ എത്തിച്ചതെന്നു നബീസ ആശുപത്രി അധികൃതരെ അറിയിച്ചു.

നാലു മക്കളാണ് ഇവർക്കുള്ളത്. രണ്ടു പെൺമക്കളെ വിവാഹം ചെയ്തുകൊടുത്തു. മൂത്ത മകൻ മരിച്ചു. എറിയാട് താമസിക്കുന്ന മകളോടൊപ്പമായിരുന്നു നേരത്തേ താമസം.

പിന്നീട് കാക്കനാടുള്ള മകൻ ഇവരുടെ കൈവശമുണ്ടായിരുന്ന സ്വർണവും മുപ്പതിനായിരം രൂപയും വാങ്ങി നോക്കിക്കൊള്ളാമെന്നു പറഞ്ഞ് ഏറ്റെടുത്തുവെന്നു നബീസ പറഞ്ഞിരുന്നു. ഉറ്റവർ ഉപേക്ഷിച്ച വൃദ്ധമാതാവിൻറെ പ്രശ്നത്തിൽ പോലീസ് നടപടി ശക്തമാക്കിയതോടെ ബന്ധുക്കളും സ്ഥലത്തു വരേണ്ടിവന്നുവെങ്കിലും നബീസയുടെ സംരക്ഷണം ഏറ്റെടുക്കാൻ ആരും തയാറല്ലായിരുന്നു.

ആശുപത്രിയിൽ കഴിയുംവരെ വൃദ്ധമാതാവിനെ പേരമകൻ നോക്കണമെന്നും ശേഷമുള്ള കാര്യങ്ങൾ ബന്ധുക്കളെല്ലാം ചേർന്നു തീരുമാനിക്കണമെന്നും കൊടുങ്ങല്ലൂർ പോലീസ് നിർദേശം നൽകിയിരുന്നു. ഇതിനിടയിലാണ് വൃദ്ധമാതാവ് മരിച്ചത്. പോലീസ് ഇൻക്വസ്റ്റിനുശേഷം മൃതദേഹം കളമശേരി മെഡിക്കൽ കോളജിലേക്കു പോസ്റ്റ്മോർട്ടത്തിനായി കൊണ്ടുപോയി.

# ഡോക്ടറെ കാത്തിരുന്ന് രോഗികൾ വലഞ്ഞു

ഉപ്പുതറ: ഉപ്പുതറ സർക്കാർ ആശുപത്രിയിൽ ഉച്ചകഴിഞ്ഞ് മുന്നറിയിപ്പില്ലാതെ ഡോക്ടർ എത്താതിരുന്നത് രോഗികളെ വലച്ചു.

എല്ലാ ദിവസവു ഉച്ചയ്ക്ക് ഒന്നു മുതൽ ആറുവരെയാണ് ഈവനിംഗ് ഒപി ഉണ്ടായിരുന്നത്. ഈവനിംഗ് ഒപിയിലെ ഡോക്ടറാണ് മുന്നറിയിപ്പില്ലാതെ എത്താതിരുന്നത്. ബ്ലോക്ക് പഞ്ചായത്ത് കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഡോക്ടറാണ് ഈവനിംഗ് ഒപിയിൽ രോഗികളെ നോക്കുന്നത്. 1.30 വരെ എത്തിയ രോഗികൾക്ക് ചികിത്സ നൽകിയാണ് മെഡിക്കൽ ഓഫീസർ പോയത്.

അഞ്ചു ഡോക്ടർമാർ വേണ്ട ഇവിടെ നിലവിൽ രണ്ടുപേർ മാത്രമാണുള്ളത്. ഇവരിൽ ഒരാൾ ശനിയാഴ്ച അവധിയെടുത്ത് പോയി. പിന്നീട് മെഡിക്കൽ ഓഫീസറും ബ്ലോക്ക് പഞ്ചായത്ത് നിയമിച്ച ഡോക്ടറും മാത്രമാണുണ്ടായിരുന്നത്. മെഡിക്കൽ ഓഫീസർ വിഷുദിനത്തി 24 മണിക്കൂർ ഡ്യൂട്ടി ചെയ്ത് ഇന്നലെ ഉച്ചവരെ രോഗികളെ പരിശോധിച്ചശേഷം വീട്ടിൽ പോയി. ഉച്ചകഴിഞ്ഞ് ഈവനിംഗ് ഒപിയിൽ ഡോക്ടർ വരുമെന്ന പ്രതീക്ഷയിൽ ജീവനക്കാർ ചീട്ടും നൽകി. ഡോക്ടർ എത്താതിരുന്നതിനാൽ പ്രായം ചെന്നവരും കുഞ്ഞുകുട്ടികളുമായെത്തിയവരും ഏറെ ദുരിതത്തിലായി.

ഡോക്ടറെ കാണാത്തതിനാൽ നാലോടെയാണ് രോഗികൾ തിരികെപ്പോയത്. ഏറെ ദൂരസ്ഥലത്തുനിന്നുള്ള തോട്ടം തൊഴിലാളികളും ആദിവാസികളും ഉൾപ്പെടെ നൂറുകണക്കിന് ആളുകളുടെ ഏക ആശ്രയമാണ് ഉപ്പുതറ സർക്കാർ ആശുപത്രി.

ആവശ്യത്തിനു ഡോക്ടർമാരും മറ്റു ജീവനക്കാരും ഇവിടെ ഇല്ലാത്തത് വലിയ പ്രതിസന്ധിയാണ്. അപ്രതീക്ഷിതമായി ഡോക്ടർമാർ രണ്ടുപേരും അവധിയിൽ പ്രവേശിച്ചതോടെ ഒപിയും അത്യാഹിത വിഭാഗവും ഉൾപ്പെടെ മുടങ്ങുന്ന സാഹചര്യവും ഉണ്ടായി.

# കിഫ്ബി ഒരു ദുരന്തമെന്ന് സി.പി. ജോൺ

പത്തനംതിട്ട: കേരളത്തെ സംബന്ധിച്ച് കിഫ്ബി ഒരു ദുരന്തമായിരുന്നെന്ന് മുൻ ആസൂത്രണസമിതിയംഗവും യുഡിഎഫ് സെക്രട്ടറിയുമായ സി.പി. ജോൺ. പത്തനംതിട്ട പ്രസ്ക്ലബിൽ തേരോട്ടം തെരഞ്ഞെടുപ്പ് സംവാദത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തെ ധനാസൂത്രണ പ്രക്രിയയെ തകർത്ത് കിഫ്ബിയാണ്. അച്യുതാനന്ദൻ മന്ത്രിസഭയിൽ ധനമന്ത്രിയെന്ന നിലയിൽ തോമസ് ഐസക് നല്ലനിലയിൽ ഭരണം നടത്തിയെങ്കിലും കഴിഞ്ഞ പിണറായി മന്ത്രിസഭയിൽ ധനമന്ത്രിയെന്ന നിലയിൽ അദ്ദേഹം നടപ്പാക്കിയ പരിഷ്കാരങ്ങളുടെ തിക്തഫലമാണ് ഇപ്പോഴും കേരളം അനുഭവിക്കുന്നതെന്ന് സി.പി. ജോൺ പറഞ്ഞു.

വർഷങ്ങളായി സംസ്ഥാനം നല്ലനിലയിൽ നടപ്പാക്കിവന്ന ആസൂത്രണ പ്രക്രിയയെ തകർത്തുകൊണ്ടാണ് കിഫ്ബി രംഗപ്രവേശം ചെയ്തത്.

ഇതിലൂടെ അടിസ്ഥാന മേഖലയ്ക്കു ലഭിച്ചുവന്ന ധനവിഹിതത്തിൽ വൻ കുറവുണ്ടായി. പട്ടികജാതി, വർഗ, ആദിവാസി മേഖലകൾക്ക് ലഭിച്ചുവന്ന ഫണ്ടിൽ കുറവുണ്ടായി. തദ്ദേശസ്ഥാപനങ്ങളുടെ പ്ലാൻഫണ്ടിൽ ഒരു രൂപയുടെ പോലും വർധന നടത്താനായില്ല. കിഫ്ബി മുഖേന അടിസ്ഥാന സൗകര്യ വികസനരംഗത്ത് വൻ കുതിപ്പുണ്ടായെന്ന അവകാശവാദത്തെ അംഗീകരിക്കാനാകില്ല.

കേരളത്തിൽ അതിനു മുന്പും വൻകിട പദ്ധതികളും റോഡ് വികസനവുമെല്ലാം നടപ്പാക്കിയിട്ടുണ്ട്.

ആസൂത്രണ പ്രക്രിയയിൽ ബന്ധപ്പെട്ട വകുപ്പുകൾക്കു ലഭിക്കുന്ന ധനവിഹിതം ഉപയോഗിച്ച് കൃത്യമായി ഇതെല്ലാം കേരളത്തിൽ നടന്നുവന്നു.

എന്നാൽ, കിഫ്ബി നിലവിൽ വന്നതോടെ ഒരു ദുരന്തകഥ ആരംഭിക്കുകയാണ്. ഇന്നിപ്പോൾ കിഫ്ബി മരിച്ചു. കിഫ്ബിയെക്കുറിച്ച് ധനവകുപ്പോ സർക്കാരോ ഒന്നും പറയുന്നില്ല. പുതുതായി ഇതിൽ ഒരു പദ്ധതിയുമില്ല. തോമസ് ഐസക് പ്രചാരണത്തിന് കിഫ്ബി എന്ന വാക്ക് ഉപയോഗിക്കുന്നുവെന്നു മാത്രം.

രാജ്യത്തു വർഷങ്ങളായി നടപ്പാക്കി വന്ന പഞ്ചവത്സര പദ്ധതികളെ ഇല്ലാതാക്കി ആസൂത്രണം വേണ്ട പ്രോജക്ട് മതിയെന്ന തരത്തിൽ നരേന്ദ്രമോദി സർക്കാർ നടപ്പാക്കിയ നയങ്ങളുടെ തുടർച്ചയായാണ് കേരളത്തിൽ ഇതേനിലയിൽ കിഫ്ബി ഐസക് കൊണ്ടുവന്നത്.

കടം വേണമെന്നു പറഞ്ഞ് കേരളം സുപ്രീംകോടതിയിൽ കേസ് നൽകിയിരിക്കുകയാണ്. കേസ് ഭരണഘടനാ ബഞ്ചിനു വിട്ടത് നേട്ടമായെന്നാണ് ഇപ്പോഴത്തെ അവകാശവാദമെന്നും സി.പി. ജോൺ ചൂണ്ടിക്കാട്ടി.ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ യുഡിഎഫിന് മുഴുവൻ സീറ്റുകളും നേടാനാകുമെന്ന് അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരത്തു മാത്രമാണ് യുഡിഎഫ്, ബിജെപി മത്സരമുള്ളത്. തൃശൂരിൽ ആദ്യമൊക്കെ അത്തരം ഒരു പ്രതീതി ഉണ്ടായെങ്കിലും ഇപ്പോഴത് മാറി. മറ്റു മണ്ഡലങ്ങളിലൊന്നും ബിജെപി ശക്തമായ പോരാട്ടം നടത്തുന്നതേയില്ലെന്ന് ജോൺ അഭിപ്രായപ്പെട്ടു. രാജ്യത്ത് എൻഡിഎയുടെ അധഃപതനം ആരംഭിച്ചു.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ വൻ മുന്നേറ്റം ഇന്ത്യ സഖ്യത്തിനായിരിക്കും.

ഉത്തരേന്ത്യയിലെ പല സംസ്ഥാനങ്ങളിലും സീറ്റുകൾ കുറയുമെന്ന ആങ്ക ബിജെപിക്കുമുണ്ടായിക്കഴിഞ്ഞു. ബിജെപി വിരുദ്ധവോട്ടുകൾ ഏകോപ്പിക്കാനായത് നേട്ടമാണെന്നും സി.പി. ജോൺ പറഞ്ഞു.

## പലിശക്കാരുടെ ഭീഷണി; ഗൃഹനാഥൻ തൂങ്ങിമരിച്ച നിലയിൽ

അഞ്ചൽ : ഏരൂരിൽ 47 കാരനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. പുളിമൂട്ടിൽ വീട്ടിൽ ബിജുവിനെയാണ് വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ഞായറാഴ്ച രാവിലെ ബന്ധുക്കളാണ് മൃതദേഹം കണ്ടെത്തിയത്. ആത്മഹത്യയ്ക്ക് പിന്നിൽ ഏരൂരിൽ തന്നെയുള്ള ഒരാളാണ് എന്ന് ബന്ധുക്കൾ ആരോപിക്കുന്നു.

ഇയാൾക്ക് നൽകാനുള്ള പലിശയുടെ പേരിൽ കഴിഞ്ഞ ദിവസം ബിജുവിനെ അയാൾ തടഞ്ഞു നിർത്തി മൊബൈൽഫോൺ അടക്കമുള്ളവ ബലമായി പിടിച്ചു വങ്ങിയതായും പറയപ്പെടുന്നു. ഇയാളുടെ ഭീഷണിയെ തുടർന്നാണ് ബിജു ആത്മഹത്യ ചെയ്തതെന്ന് സംശയിക്കുന്നതായും ബന്ധുക്കൾ ആരോപിച്ചു. ബന്ധുക്കൾ ഏരൂർ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. ബിജുവിൻറെ ആത്മഹത്യ കുറിപ്പ് പോലീസ് കണ്ടെത്തി. നിർമാണ തൊഴിലാളിയാണ് മരിച്ച ബിജു.

## ഡോ. ശശി തരൂരിനെ രൂക്ഷമായി വിമർശിച്ചു പന്ന്യൻ

താൻ മത്സരിക്കുന്നതെന്തിനെന്ന ശശിതരൂരിൻറെ ചോദ്യത്തെ രൂക്ഷമായി വിമർശിച്ചു എൽഡിഎഫ് സ്ഥാനാർഥി പന്ന്യൻ രവീന്ദ്രൻ. തരൂരിൻറെ പരാമർശം വേദനിപ്പിച്ചുവെന്നായിരുന്നു പന്ന്യൻറെ പ്രതികരണം. ഇന്നലെ കഴക്കൂട്ടം മണ്ഡലത്തിലായിരുന്നു അദ്ദേഹത്തിൻറെ പര്യടനം. എല്ലാ സ്വീകരണ യോഗങ്ങളിലും കോൺഗ്രസ് സ്ഥാനാർഥിയുടെ പരാമർശം ചൂണ്ടിക്കാട്ടിയായിരുന്നു വിമർശനം. ഇടതു നേതാക്കളും തരൂരിൻറെ പരാമർശം ഏറ്റെടുത്തു.

കഴക്കൂട്ടത്തു സിപിഎം സംസ്ഥാന കമ്മിറ്റി അംഗം കടകംപള്ളി സുരേന്ദ്രൻ എംഎൽഎ പര്യടന പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്നു വേളി, ഹോമിയോ ജംഗ്ഷൻ, അരശുംമൂട്, കുളത്തൂർ, തൃപ്പാദപുരം, മൺവിള, ശ്രീകാര്യം, കരിയം, ചെന്പഴന്തി, ചെങ്കോട്ടുകോണം, കാര്യവട്ടം, ചന്തവിള എന്നിവിടങ്ങളിൽ പര്യടനം നടത്തിയ ശേഷം കാട്ടായിക്കോണത്തു സമാപിച്ചു.

# ഒരു മാസമായി രണ്ടു വയസുകാരിയുടെ ശ്വാസനാളത്തിൽ കുടുങ്ങിക്കിടന്ന കപ്പലണ്ടി പുറത്തെടുത്തു

പെരിന്തൽമണ്ണ: ഒരു മാസമായി രണ്ടു വയസുകാരിയുടെ ശ്വാസനാളത്തിൽ കുടിങ്ങിക്കിടന്ന ശസ്ത്രക്രിയയിലൂടെ പുറത്തെടുത്തു.

അപസ്മാരം എന്ന സംശയത്തിൽ വിദഗ്ദ ചികിത്സക്കായാണ് മറ്റൊരു ആശുപത്രിയിൽ നിന്ന് റഫർ ചെയ്താണ് രണ്ടു വയസുകാരി മൗലാന ആശുപത്രിയിൽ എത്തുന്നത്. കഴിഞ്ഞ ഒരു മാസമായി ഈ കുട്ടിക്ക് പലതവണ ശ്വാസതടസം നേരിട്ടിട്ടുണ്ടെന്നും പല ഹോസ്പിറ്റലുകളിൽ ചികിത്സ തേടുകയും അഡ്മിറ്റ് ആവുകയും ചെയ്തിട്ടുണ്ടെന്നും കൂടെ വന്നവർ അറിയിച്ചു.മൗലാന ഹോസ്പിറ്റൽ എമർജൻസി വിഭാഗത്തിലെത്തിച്ച കുട്ടിയെ കുട്ടികളുടെ ഐസിയു വിഭാഗം മേധാവി ഡോക്ടർ ദിപു പരിശോധിക്കുകയും രോഗലക്ഷണങ്ങൾ അപസ്മാരത്തിൻറെതല്ല എന്നും ശ്വാസനാളത്തിൽ എന്തെങ്കിലും കുടുങ്ങിയതാവാനാണ് സാധ്യത എന്നുമുള്ള നിഗമനത്തിൽ എത്തുകയും ഉടൻതന്നെ സ്കാനിങ്ങിന് വിധേയമാക്കുകയും ചെയ്തു.

സ്കാനിങ് ടെസ്റ്റിലും ഇതേ സംശയം തോന്നുകയും തുടർന്ന് കൺസൾട്ടന്റ് ഇൻറർവൻഷണൽ പൾമനോളജിസ്റ്റ് ഡോക്ടർ നിമിഷ ബ്രോങ്കോസ്കോപ്പിയിലൂടെ കുട്ടിയുടെ ശ്വാസനാളത്തിൽ കുടുങ്ങിക്കിടന്നിരുന്ന കപ്പലണ്ടിയുടെ കഷണം പുറത്തെടുക്കുകയും ചെയ്തു. അങ്ങനെ ഒരുമാസമായി വിട്ടുമാറാതിരുന്ന കുട്ടിയുടെ രോഗത്തിന് ശമനമായി. ചികിത്സയിൽ അനസ്തേഷ്യ വിഭാഗം മേധാവി ഡോ. പി. ശശിധരൻ കുട്ടികളുടെ വിഭാഗത്തിലെ ഡോക്ടർ അനീഷ തുടങ്ങിയവരും പങ്കാളികളായി.

# ഉത്സവ സീസണിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിൽ പൊറുതിമുട്ടി സാധാരണക്കാർ

കരുവാരകുണ്ട്: ഉത്സവ സീസണിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സാധാരണക്കാരെ വലയ്ക്കുന്നു. ക്ഷേമ പെൻഷനുകൾ ലഭിക്കാതെ വന്നതോടെ വൃദ്ധജനങ്ങളുടെ ജീവിത സാഹചര്യങ്ങളും പ്രതിസന്ധിയിലായി. മാവേലി സ്റ്റോറുകളിൽ നിന്നും ലഭിച്ചിരുന്ന സബ്സിഡി സാധനങ്ങളും അപ്രത്യക്ഷമായി.

ഈസ്റ്റർ, റംസാൻ, വിഷു തുടങ്ങിയ ആഘോഷാവസരങ്ങളിൽ മുൻവർഷങ്ങളിൽ പൊതുജനങ്ങൾക്ക് കുറഞ്ഞ വിലക്ക് വിതരണം നടത്തി വന്നിരുന്ന സ്പെഷൽ ചന്തകളും ഇത്തവണ ഓർമയിൽ മാത്രം.

പലവ്യഞ്ജനങ്ങളടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ വില ദിവസവും ഉയർന്ന നിലവാരത്തിലാണ് പൊതുമാർക്കറ്റുകളിൽ വില്പന നടത്തി വരുന്നത്. നിശ്ചിത വില ഒരിടത്തും ഇല്ല. വിലവിവരപട്ടിക ഒരിടത്തും പ്രദർശിപ്പിക്കാറില്ല. നിത്യോപയോഗ സാധനങ്ങൾക്ക് സിവിൽ സപ്ലൈസിൻറെ ഔട്ട്ലെറ്റുകളിലും വില വർധിപ്പിച്ചിട്ടുണ്ട്.

കാർഡുടമകൾക്ക് സബ്സിഡി നിരക്കിൽ നൽകി കൊണ്ടിരുന്ന ഭക്ഷ്യ സാധനങ്ങളുടെ ലഭ്യത കുറഞ്ഞതാണ് വില വർധനക്ക് സാഹചര്യം സൃഷ്ടിച്ചതെന്നും ആക്ഷേപമുണ്ട്. സബ്സിഡി ഇല്ലാത്ത അരി അൻപത് രൂപ വരെയാണ് മാവേലി സ്റ്റോർ വഴി വിതരണം നടത്തുന്നത്. പഞ്ചസാര, പയറു വർഗങ്ങൾ, മുളക്, മല്ലി എന്നിവ മാവേലി സ്റ്റോറിൽ നിന്നും അപ്രത്യക്ഷമായി.

എന്നാൽ അടുത്തയിടെ സർക്കാർ പുതുക്കി നിശ്ചയിച്ച വിലക്ക് മുപ്പതു രൂപാ പ്രകാരം അഞ്ചു കിലോ അരി വീതം കാർഡുടമകൾക്ക് ലഭിക്കുന്നതാണ് ഏക ആശ്വാസം.

റേഷൻ കടകളിലെ സ്ഥിതിയും മറിച്ചല്ല. സാധാരണക്കാർക്ക് കുറഞ്ഞ വിലയ്ക്കു വിതരണം നടത്തിവന്നിരുന്ന ആട്ടമാവും മണ്ണെണ്ണയും റേഷൻ കടകളിൽ നിന്നും അപ്രത്യക്ഷമായിട്ട് ഏറെ കാലമായി.

എന്നാൽ കർഷകർ വില്പനക്കെത്തിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് നിലവിലുള്ളതിൻറെ പകുതി വില പോലും ലഭിക്കുന്നില്ലന്നും ആക്ഷേപമുണ്ട്.

അതേ സമയം കനത്ത വരൾച്ചയെ തുടർന്ന് നാടൻ പച്ചക്കറികൾ മാർക്കറ്റുകളിൽ കിട്ടാക്കനിയായി. വിഷു മുന്നിൽ കണ്ട് കൃഷി ചെയ്തിരുന്ന പച്ചക്കറികൾ ഒന്നാകെ വരൾച്ചയിൽ കരിഞ്ഞുപോയി.

അതേ സമയം മാസം തോറും നൽകി കൊണ്ടിരുന്ന ക്ഷേമ പെൻഷൻ നിർത്തലാക്കിയതും വൃദ്ധജനങ്ങളെ മാനസിക പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

# ലോക്സഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഉപയോഗിക്കുന്നത് 30,238 ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങൾ

## *രണ്ടാംഘട്ടം ഇവിഎം റാൻഡമൈസേഷൻ പൂർത്തിയായി

തിരുവനന്തപുരം :ലോക്സഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഉപയോഗിക്കുന്നത് 30,238 ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു. ഏപ്രിൽ 26ന് നടക്കുന്ന വോട്ടെടുപ്പിൽ സംസ്ഥാനത്തെ 20 മണ്ഡലങ്ങളിലെ 25231 ബൂത്തുകളിലായി (ബൂത്തുകൾ25177, ഉപബൂത്തുകൾ54) 30,238 ബാലറ്റ് യൂണിറ്റുകളും 30238 കൺട്രോൾ യൂണിറ്റുകളും 32698 വിവിപാറ്റ് യന്ത്രങ്ങളുമാണ് ഉപയോഗിക്കുക. റിസർവ് മെഷീനുകൾ അടക്കമുള്ള കണക്കാണിത്. ഏതെങ്കിലും യന്ത്രങ്ങൾക്ക് പ്രവർത്തന തകരാർ സംഭവിച്ചാൽ പകരം അതത് സെക്ടർ ഓഫീസർമാർ വഴി റിസർവ് മെഷീനുകൾ എത്തിക്കും. നിലവിൽ വോട്ടിങ് മെഷീനുകൾ അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർമാരുടെ (എആർഒ) കസ്റ്റഡിയിൽ സ്ട്രോങ് റൂമുകളിൽ സൂക്ഷിച്ചിരിക്കുകയാണ്.

2019ലെ ലോക്സഭാ തിരഞ്ഞെടുപ്പിന് ശേഷം എല്ലാ തിരഞ്ഞെടുപ്പുകളിലും ഇസിഐ എം3 മോഡൽ ഇവിഎമ്മുകളും വിവിപാറ്റുകളുമാണ് ഉപയോഗിക്കുന്നത്. കഴിഞ്ഞവർഷം സെപ്റ്റംബർഒക്ടോബർ മാസങ്ങളിൽ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ പ്രാഥമിക പരിശോധന(എഫ്എൽസി) പൂർത്തിയാക്കി തിരഞ്ഞെടുത്ത് സ്ട്രോങ് റൂമുകളിൽ സൂക്ഷിച്ചിരുന്ന ഇവിഎമ്മുകളാണ് ലോക്സഭ തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്നത്.

തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നതിന് മുമ്പ് യൂണിറ്റുകൾ പരിശോധിക്കുന്ന പ്രക്രിയയാണ് എഫ്എൽസി. എഫ്എൽസി പാസായ ഇവിഎമ്മുകൾ മാത്രമേ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കൂ. ദേശീയ, സംസ്ഥാന അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിലാണ് എഫ്എൽസി നടത്തുന്നത്. ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാരുടെ മേൽനോട്ടത്തിൽ ജില്ലാ ആസ്ഥാനങ്ങളിൽ വെച്ച് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ (ബെൽ) അംഗീകൃത എഞ്ചിനീയർമാരാണ് ഇവിഎമ്മുകളുടെയും വിവിപാറ്റുകളുടെയും ആദ്യതല പരിശോധന നടത്തിയത്. എഫ് എൽ സിക്ക് ശേഷം തിരഞ്ഞെടുത്ത യൂണിറ്റുകൾ സ്ട്രോംഗ് റൂമിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു.

തുടർന്ന് അസംബ്ലി മണ്ഡലം തിരിച്ച് ഇവിഎം അനുവദിക്കുന്നതിന് ഒന്നാംഘട്ട റാൻഡമൈസേഷൻ മാർച്ച് 27നാണ് നടന്നത്. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിൽ ഇവിഎം മാനേജ്മെന്റ് സിസ്റ്റം (ഇഎംഎസ്) വഴിയാണ് ഒന്നാംഘട്ട റാൻഡമൈസേഷൻ നടത്തിയത്. വോട്ടിംഗ് യന്ത്രങ്ങളുടെയും വിവിപാറ്റിന്റെയും സീരിയൽ നമ്പറുകൾ ഇഎംഎസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് റാൻഡമൈസേഷൻ നടത്തിയ ശേഷം ഇവയുടെ സീരിയൽ നമ്പർ അടങ്ങിയ പ്രിന്റ് ഔട്ട് എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കും കൈമാറിയിരുന്നു.

ഓരോ പോളിംഗ് ബൂത്തിലേക്കുമുള്ള വോട്ടിംഗ് യന്ത്രങ്ങൾ ഏതെന്ന് തീരുമാനിക്കുന്ന രണ്ടാം ഘട്ട റാൻഡമൈസേഷൻ ഇന്ന് (ഏപ്രിൽ 16) നടന്നതായും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു. ഓരോ പോളിംഗ് ബൂത്തിലും ഉപയോഗിക്കുന്ന ഇവിഎമ്മുകളുടെ തനത് ഐഡി നമ്പർ അടങ്ങിയ പട്ടിക മത്സരിക്കുന്ന സ്ഥാനാർഥികൾക്കും അവരുടെ ഏജന്റുമാർക്കും നൽകിയിട്ടുണ്ട്.

***വോട്ടെടുപ്പ് ദിനത്തിലെ മോക്ക്പോൾ ഇങ്ങനെ;***

വോട്ടെടുപ്പ് ആരംഭിക്കുന്നതിന് ഒന്നരമണിക്കൂർ മുമ്പാണ് മോക്ക്പോൾ നടത്തുന്നത്. വോട്ടെടുപ്പ് ദിവസം വോട്ടെടുപ്പ് ആരംഭിക്കുന്നതിന് മുമ്പ് കൺട്രോൾ യൂണിറ്റിലെ റിസൾട്ട് ബട്ടൺ അമർത്തി കൺട്രോൾ യൂണിറ്റിൽ വോട്ടുകളൊന്നും രേഖപ്പെടുത്തിയിട്ടില്ലെന്ന് പ്രിസൈഡിംഗ് ഓഫീസർ പോളിംഗ് ഏജന്റുമാരെ ബോധ്യപ്പെടുത്തുന്നതോടെയാണ് മോക്ക്പോൾ പ്രക്രിയ ആരംഭിക്കുന്നത്. കൺട്രോൾ യൂണിറ്റിലെ ഡിസ്പ്ലേ എല്ലാ സ്ഥാനാർഥികൾക്കെതിരെയും പൂജ്യം വോട്ടാണ് അപ്പോൾ കാണിക്കുക. ശേഷം വിവിപാറ്റിന്റെ ബാലറ്റ് കമ്പാർട്ടുമെന്റും തുറന്ന് ശൂന്യമാണെന്ന് പോളിംഗ് ഏജന്റുമാരെ പ്രിസൈഡിങ് ഓഫീസർ ബോധ്യപ്പെടുത്തുന്നു . അതിനുശേഷം പോളിംഗ് ഏജന്റുമാരുടെ സാന്നിധ്യത്തിൽ കുറഞ്ഞത് 50 വോട്ടുകളുള്ള മോക്ക് പോൾ നടത്തുന്നു. തുടർന്ന് കൺട്രോൾ യൂണിറ്റിൽ രേഖപ്പെടുത്തിയ ഇലക്ട്രോണിക് ഫലം വിവിപാറ്റ് സ്ലിപ്പ് കൗണ്ടുമായി താരതമ്യം ചെയ്ത് പോളിങ് ഏജന്റുമാരെ ബോധ്യപ്പെടുത്തുന്നു. ഇതിന് ശേഷം യഥാർത്ഥ വോട്ടെടുപ്പ് ആരംഭിക്കുന്നതിന് മുമ്പ് മോക്ക് പോൾ ഫലം മായ്ക്കാൻ പ്രിസൈഡിംഗ് ഓഫീസർ 'ക്ലിയർ ബട്ടൺ' അമർത്തുന്നു. തുടർന്ന് വോട്ടുകളൊന്നും അവശേഷിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ കൺട്രോൾ യൂണിറ്റ് ഡിസ്പ്ലേയിൽ പൂജ്യം വോട്ടുകൾ കാണിക്കുന്നതിന് 'ടോട്ടൽ' ബട്ടൺ അമർത്തുകയും വിവിപാറ്റ് ബാലറ്റ് കമ്പാർട്ട്മെന്റ് ശൂന്യമാണെന്ന് വീണ്ടും പോളിംഗ് ഏജന്റുമാരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് പോളിംഗ് ഏജന്റുമാരുടെ സാന്നിധ്യത്തിൽ കൺട്രോൾ യൂണിറ്റും വിവിപാറ്റും സീൽ ചെയ്യുന്നു. ഇതിന് ശേഷമാണ് ബൂത്തിൽ യഥാർത്ഥ വോട്ടെടുപ്പ് ആരംഭിക്കുക.

# യുവാവിൻറെ മരണം: അമിത ലഹരി ഉപയോഗമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്

കണ്ണൂർ സിറ്റി: ഉരുവച്ചാലിൽ യുവാവ് കിടപ്പുമുറിയിൽ മരിച്ചത് അമിത ലഹരി ഉപയോഗം മൂലമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ഉരുവച്ചാലിലെ തൻവീർ സത്താറിനെ(34) യാണ് കിടപ്പുമുറിയിലെ കുളിമുറിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ശനിയാഴ്ച ഉച്ചയ്ക്ക് 2.30 ഓടെയാണ് സംഭവം.മൃതദേഹത്തിനടുത്തുനിന്ന് സിറിഞ്ചും കണ്ടെത്തിയിരുന്നു. ബംഗളൂരുവിൽ വ്യാപാരിയായിരുന്ന തൻവീർ പെരുന്നാൾ അവധിക്കാണ് നാട്ടിൽ എത്തിയത്.

എന്ത് മയക്കുമരുന്നാണ് കുത്തിവച്ചതെന്ന് കണ്ടെത്തണമെങ്കിൽ ഫോറൻസിക് റിപ്പോർട്ട് ലഭിക്കണമെന്ന് പോലീസ് പറഞ്ഞു.ലഹരി ഉപയോഗിക്കുന്ന തൻവീർ നേരത്തെ ഡി അഡിക്ഷൻ സെൻററിൽ ചികിത്സ തേടിയിരുന്നു. സംഭവത്തിൽ സിറ്റി പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# കീഴൂർകുന്നിൽ കെഎസ്ടിപി റോഡിൽ ഗർത്തം; അപകട മന്നിറിയിപ്പുമായി നാട്ടുകാർ

ഇരിട്ടി: ഇരിട്ടികൂട്ടുപുഴ കെഎസ്ടിപി റോഡിൽ കീഴൂരിൽ റോഡിൽ വലിയ ഗർത്തം രൂപപ്പെട്ടു. കീഴൂർകുളം ബസ്റ്റോപ്പിന് സമീപത്താണ് ഗർത്തം രൂപപ്പെട്ടത്. അടുത്തിടെ രണ്ട് ഇരുചക്ര വാഹനങ്ങൾ കുഴിയിൽ വീണ് അപകടത്തിൽപ്പെട്ടതോടെയാണ് നാട്ടുകാരുടെ ശ്രദ്ധയിൽ ഇക്കാര്യം പെടുന്നത്.

ഇരിട്ടിയിൽ നിന്നും മട്ടന്നൂരിലേക്ക് പോകുമ്പോൾ റോഡിൻറെ ഇടതുവശത്താണ് കുഴി. ആദ്യം ഒരു ചെറു ദ്വാരമായിരുന്നെങ്കിൽ പിന്നീടത് വലിയ ഗർത്തമായി രൂപപ്പെട്ടു. ഇപ്പോൾ ഗർത്തത്തിന് ചുറ്റും കമ്പുകൾ സ്ഥാപിച്ചും ചുമപ്പ് തുണിയുംകൊണ്ട് മുന്നറിയിപ്പ് സൂചനയും നൽകിയിരിക്കുകയാണ് നാട്ടുകാർ.

കോടികൾ മുടക്കി നിർമിച്ച കെഎസ്ടിപി റോഡിലാണ് ഗർത്തം രൂപപ്പെട്ടിരിക്കുന്നത്. റോഡിൻറെ നിർമാണ ഘട്ടത്തിൽ വേണ്ടത്ര ശ്രദ്ധിക്കാത്തതാണ് ഗർത്തം രൂപപെടാൻ കാരണം എന്നാണ് നാട്ടുകാരുടെ പക്ഷം.

# പെരുമഴയത്തും രാജീവ് ചന്ദ്രശേഖർ വോട്ടർമാർക്കിടയിൽ

ബാലരാമപുരത്തെ വിവിധ പ്രദേശങ്ങളിലായിരുന്നു എൻഡിഎ സ്ഥാനാർഥി രാജീവ് ചന്ദ്രശേഖറിൻറെ ഇന്നലത്തെ സ്ഥാനാർഥി പര്യടനം. ഉച്ചയ്ക്കു മഴ നന്നായി പെയ്തെങ്കിലും അദ്ദേഹം വോട്ടർമാരെ കണ്ടു. ശ്രീനാരായണ ഗുരുവിൻറെ അരുമാനൂരിലെ ശ്രീ നയിനാർ ദേവ ക്ഷേത്രത്തിൽനിന്നു തുടങ്ങിയ വാഹന പ്രചാരണജാഥ ബിജെപി സംസ്ഥാന ഉപാധ്യക്ഷ പ്രഫ: വി.ടി. രമ ഉദ്ഘാടനം ചെയ്തു. അരുമാനൂർ ജംഗ്ഷനിലെ സ്വീകരണത്തിനുശേഷം കോയിക്കവിളാകം ക്ഷേത്രം വഴി ശൂലംകുടി, പൂവാർ, പാന്പുകാല, പരണിയം, പട്ട്യക്കാല എന്നിവിടങ്ങളിലും സ്വീകരണം ഏറ്റുവാങ്ങി. തീരപ്രദേശമായ കരുംകുളം, പുതിയതുറ, പള്ളം, പുല്ലുവിള കൊച്ചുപള്ളി അടിമലത്തുറ, അന്പലത്തിൻമൂല എന്നിവിടങ്ങിളിലെത്തി വോട്ടർമാരെക്കണ്ടു. മത്സ്യതൊഴിലാളികളുടെ ബൈക്ക് റാലിയുടെ അകന്പടിയോടെയാണ് തുറന്നവാഹനത്തിൽ സ്ഥാനാർഥിയുടെ വാഹന പ്രചാരണ ജാഥ മുന്നോട്ടു പോയത്.

# നിലമ്പൂരിൽ കെഎൻജി റോഡിൽ പകൽ കൊട്ടാന ഇറങ്ങി

നിലമ്പൂർ: നിലമ്പൂരിൽ പട്ടാപകൽ കാട്ടാനയിറങ്ങി. വിഷുദിനത്തിലാണ് വിഷുകൈനീട്ടവുമായി രാവിലെ 6.30 തോടെ കനോലി പ്ളോട്ടിന് സമീപം കെഎൻജി റോഡിൽ ഒറ്റയാൻ ഇറങ്ങിയത്.

രാവിലെ വടപുറം ഭാഗത്ത് നിന്ന് നിലമ്പൂരിലേക്കും നിലമ്പൂരിൽ നിന്ന് പെരിന്തൽമണ്ണ, മഞ്ചേരി ഭാഗത്തേക്കും പോകുന്ന യാത്രക്കാരാണ് ഒറ്റയാൻറെ മുന്നിൽപ്പെട്ടത്.

ഒറ്റയാൻ കെഎൻജി റോഡിൽ ഇറങ്ങിയത് അറിഞ്ഞതോടെ വനം ആർആർടി വിഭാഗം സ്ഥലത്ത് എത്തി കാട്ടാനയെ 15 മിനിറ്റുകൊണ്ട് സമീപത്തെ കനോലി വനമേഖലയിലേക്ക് കയറ്റി വിട്ടു. വനം ആർആർടി ഓഫീസിന് സമീപമുള്ള റോഡിലാണ് കാട്ടാന എത്തിയത്. കുറച്ച് നാളുകളായി നിലമ്പൂർ മേഖല കാട്ടാന ഭീതിയിലാണ്.

ചാലിയാർ പുഴയുടെ മൈലാടി പാലം മുതൽ വടപുറം ഭാഗം വരെയുള്ള ചാലിയാറിൻറെ തീരത്ത് ഒറ്റയാനും മോഴയുമായി 12 ഓളം ആനകൾ തമ്പടിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം നിലമ്പൂർ എം.എസ്.പി. ക്യാമ്പിൻറെ ചുറ്റുമതിലും കാട്ടാനകൾ തകർത്തിരുന്നു.

# ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

തിരുവനന്തപുരം : ഗുരുവായൂർ ദേവസ്വത്തിലെ പാർട്ട് ടൈം സ്വീപ്പർ (കാറ്റഗറി നമ്പർ. 23/2022) തസ്തികയുടെ സാധ്യത പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഏപ്രിൽ 29നും കൂടൽമാണിക്യം ദേവസ്വത്തിലെ പ്യൂൺ (കാറ്റഗറി നമ്പർ. 16/2023), കഴകം (കാറ്റഗറി നമ്പർ. 17/2023) എന്നീ തസ്തികകളുടെ സാദ്ധ്യത പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 30നും തിരുവനന്തപുരത്തുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നടത്തും. സാദ്ധ്യതാ പട്ടികയിലെ ഉദ്യോഗാർഥികളുടെ രജിസ്റ്റർ നമ്പറുകളുടെ അതേ ക്രമത്തിലായിരിക്കും വെരിഫിക്കേഷൻ. വെരിഫിക്കേഷൻ തീയതി, സമയം, സ്ഥലം ഇവ സംബന്ധിച്ച വിശദാംശങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ ഠഠഠ.സറൃയ.സലൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർഥികൾക്കും ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർഥികളുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പരിലേക്ക് എസ്എംഎസ് മുഖേന അയച്ചിട്ടുണ്ട്. ഏപ്രിൽ 24 വരെ യാതൊരു അറിയിപ്പും ലഭിക്കാത്ത സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെട്ടവർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഓഫീസുമായി ബന്ധപ്പെടണമെന്നു സെക്രട്ടറി അറിയിച്ചു.

# ലോക്സഭ തിരഞ്ഞെടുപ്പ്: സംസ്ഥാനത്തെ എട്ട് ജില്ലകളിൽ മുഴുവൻ ബൂത്തുകളിലും വെബ്കാസ്റ്റിങ്

## ആറ് ജില്ലകളിൽ 75 ശതമാനം ബൂത്തുകളിൽ തത്സമയ നിരീക്ഷണം

തിരുവനന്തപുരം :ലോക്സഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ എട്ട് ജില്ലകളിലെ മുഴുവൻ ബൂത്തുകളിലും വെബ്കാസ്റ്റിങ് നടത്തുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. കാസർകോട്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, തൃശൂർ, തിരുവന്തപുരം എന്നീ ജില്ലകളിലെ മുഴുവൻ ബൂത്തുകളിലുമാണ് തത്സമയ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നത്. സംസ്ഥാനത്തെ ബാക്കി ആറ് ജില്ലകളിൽ 75 ശതമാനം ബൂത്തുകളിലും വെബ് കാസ്റ്റിങ് സൗകര്യം ഒരുക്കും. എന്നാൽ ഈ ജില്ലകളിലെ മുഴുവൻ പ്രശ്ന ബാധിത ബൂത്തുകളും തത്സമയ നിരീക്ഷണത്തിലായിരിക്കും. ഒന്നിലധികം ബൂത്തുകളുള്ള വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ തിരക്ക് നിയന്ത്രിക്കുന്നതിന് ബൂത്തുകൾക്ക് പുറത്തും കാമറ സ്ഥാപിക്കും.

ബൂത്ത് പിടുത്തം, പണവിതരണം, കള്ള വോട്ട് ചെയ്യൽ തുടങ്ങിയവ തടഞ്ഞ് സുതാര്യമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കാനാണ് വെബ് കാസ്റ്റിങ് സൗകര്യം ഏർപ്പെടുത്തുന്നതെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു. തത്സമയ നിരീക്ഷണത്തിന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസിലും ജില്ലാ കളക്ടറേറ്റുകളിലുമാണ് കൺട്രോൾ റൂമുകൾ സജ്ജമാക്കുക.

# സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിന് അപേക്ഷ ക്ഷണിച്ചു. ആറുമാസം ദൈർഘ്യമുള്ള കോഴ്സ് കാസർകോട് ജില്ലയിലെ പുലിക്കുന്നിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിലാണ് നടത്തുന്നത്.

അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. പ്രായപരിധി 1840. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളിൽ കഴിഞ്ഞ ആറ് മാസം തുടർച്ചയായി ലൈബ്രേറിയനായി പ്രവർത്തിച്ചുവരുന്നവരും ഇപ്പോഴും തുടർന്നുവരുന്നവരുമായ ലൈബ്രേറിയന്മാർക്കും, കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ഗ്രാമീണ വനിതാവയോജന പുസ്തക വിതരണ പദ്ധതി ലൈബ്രേറിയന്മാർക്കും അപേക്ഷിക്കാം ഇവർക്ക് പ്രവേശന പരീക്ഷയിൽ നേടുന്ന മാർക്കിന്റെ 10 ശതമാനം വെയിറ്റേജ് ലഭിക്കും. സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ലൈബ്രേറിയന്മാർക്ക് സീറ്റ് സംവരണവും പ്രായപരിധിയിൽ ഇളവുമുണ്ട് (45 വയസ്). അവരുടെ ഡിപ്പാർട്ട്മെന്റ് സ്പോൺസർ ചെയ്യണം. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും അഡ്മിഷൻ. ആകെ 40 സീറ്റ്.

അപേക്ഷാഫോമും പ്രോസ്പക്റ്റസും തിരുവനന്തപുരത്തെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഓഫീസിലും കാസർകോട് ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസിലും ലഭിക്കും. സെക്രട്ടറി, ജില്ലാ ലൈബ്രറി കൗൺസിൽ, കാസർകോട് എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഹോസ്ദുർഗ് ബ്രാഞ്ചിൽ മാറാവുന്ന 50 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സ്വന്തം മേൽവിലാസം എഴുതിയ 10 രൂപയുടെ പോസ്റ്റൽ സ്റ്റാമ്പ് ഒട്ടിച്ച 24*10 സെ.മീ. വലിപ്പമുള്ള കവറും അപേക്ഷയോടൊപ്പം ഉണ്ടാവണം.

പട്ടികജാതി / പട്ടികവർഗ വിഭാഗത്തിൽപെടുന്ന ലൈബ്രേറിയന്മാർ അപേക്ഷാ ഫീസ് അടയ്ക്കേണ്ട. ഇവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും സ്വന്തം മേൽവിലാസം എഴുതിയ 10 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച കവറും വയ്ക്കണം.

പൂരിപ്പിച്ച അപേക്ഷകൾ ഏപ്രിൽ 30 വൈകിട്ട് അഞ്ചുമണിവരെ സ്വീകരിക്കും. അപേക്ഷയും അനുബന്ധരേഖകളും സെക്രട്ടറി, കാസർകോട് ജില്ലാ ലൈബ്രറി കൗൺസിൽ, കോട്ടച്ചേരി ബസ്റ്റാന്റിന് സമീപം, കാഞ്ഞങ്ങാട് പി.ഒ., കാസർകോട് 671315 എന്ന വിലാസത്തിൽ അയയ്ക്കണം. ഫോൺ: 0467 2208141 04712328802, 0471 2328808.

# പോളിങ് ബൂത്തുകളിൽ ബയോ ടോയ്ലറ്റ്: ടെൻഡർ ക്ഷണിച്ചു

തിരുവനന്തപുരം :2024 ലോക്സഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ പോളിംഗ് ബൂത്തുകളിൽ ബയോ ടോയ്ലറ്റ് സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചു. വിശദവിവരങ്ങൾ wwwt.r-ivandrum.nic.in ലും, ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, കളക്ടറേറ്റിലും ലഭിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഒളിമ്പിക് ദീപം തെളിഞ്ഞു, കിലോമീറ്ററുകൾ താണ്ടി പാരിസിലേക്ക്

ഏതൻസ്: ഒളിമ്പിയയിൽ ദീപം തെളിഞ്ഞു. ഇനി ആയിരക്കണക്കിന് കിലോമീറ്ററുകൾ താണ്ടി പാരിസിലേക്ക് പ്രയാണം. പുരാതന ഒളിമ്പിയയിൽ തകർന്ന ക്ഷേത്രങ്ങളുടെ അവശേഷിപ്പുകൾക്കും ഒളിമങ്ങാത്ത സ്മരണകൾക്കും ഇടയിൽ ആയിരക്കണക്കിന് കാണികൾ ഒളിമ്പിക് ദീപം തെളിയുന്നതിന് സാക്ഷികളായി.

സൂര്യൻ പുറത്തുകാണാത്ത കാലാവസ്ഥ പരമ്പരാഗത ശൈലിയിലുള്ള ദീപം തെളിയിക്കലിന് തടസം സൃഷ്ടിച്ചു. അപ്പോളോ ദേവനെ പ്രാർത്ഥിച്ചശേഷം സൂര്യരശ്മികൾ ഇന്ധനം നിറച്ച ദീപശിഖയിലേക്ക് കേന്ദ്രീകരിച്ചാണ് ഒളിമ്പിക് ദീപം ജ്വലിപ്പിക്കുക. എന്നാൽ മേഘാവൃതമായ ആകാശം സൂര്യവെളിച്ചത്തെ തടഞ്ഞതോടെ കഴിഞ്ഞദിവസം റിഹേഴ്സലിന് പരമ്പരാഗത രീതിയിൽ ജ്വലിപ്പിച്ച് സൂക്ഷിച്ച ദീപശിഖയിൽ നിന്നും അഗ്നി പകരുകയായിരുന്നു. പുരാതന ഗ്രീക്ക് പുരോഹിത വേഷത്തിൽ ഗ്രീക്ക് നടി മേരി മിനാ ചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

ടോക്യോ ഒളിമ്പിക്സിലെ സ്വർണമെഡൽ ജേതാവ് ഗ്രീക്ക് തുഴച്ചിൽക്കാരനായ സ്റ്റെഫാനോസ് ഡൗസ്കോസ് ആയിരുന്നു ആദ്യം ദീപശിഖ ഏന്തിയത്. ഒളിമ്പിക്സിന്റെ പുനരുജ്ജീവനത്തിന് പിന്നിലെ പ്രേരകശക്തിയായ ഫ്രഞ്ചുകാരൻ ബാരൺ പിയറി ഡി കൂബർട്ടിന്റെ സ്മാരകത്തിലേക്ക് അദ്ദേഹം ദീപശിഖയെത്തിച്ചു. 2004ൽ ഏതൻസിൽ മൂന്ന് മെഡലുകൾ നേടിയ ഫ്രഞ്ച് നീന്തൽക്കാരിയായ ലോറെ മനൗഡൗയുടേതായിരുന്നു അടുത്ത ഊഴം. മുതിർന്ന യൂറോപ്യൻ യൂണിയൻ ഉദ്യോഗസ്ഥനായ മാർഗരിറ്റിസ് ഷിനാസിന് അവർ ദീപശിഖ കൈമാറി. 26 നാണ് പാരീസ് ഗെയിംസ് സംഘാടകർക്ക് ദീപശിഖ കൈമാറുക. അതുവരെ ദീപശിഖ 5,000 കിലോമീറ്ററിലധികം ഗ്രീസിലൂടെ സഞ്ചരിക്കും.

പുരാതന ഒളിമ്പിയയിലെ ഗ്രീക്ക് പാരമ്പര്യത്തിന്റെയും പൗരാണികതയുടെയും ലോകത്തിന്റെ ഭാവിയിലേക്കുള്ള പ്രതീക്ഷയുടെയും സമന്വയമായി ദീപം തെളിയിക്കൽ ചടങ്ങ് മാറിയെന്ന് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി പ്രസിഡന്റ് തോമസ് ബാച്ച് പറഞ്ഞു. യുദ്ധങ്ങളും സംഘർഷങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ലോകത്തെ ഒന്നിപ്പിക്കുന്ന, പ്രതീക്ഷ നൽകുന്ന ഒന്നാണ് ഇത്തരം സംഘാടനങ്ങളെന്നും അദ്ദേഹം പറഞ്ഞു.

ഏതൻസിൽ ആദ്യത്തെ ആധുനിക ഒളിമ്പിക്സ് നടന്ന വർഷമായ 1896ൽ നിർമ്മിച്ച ഫ്രഞ്ച് പായ് കപ്പലായ ബെലെമിലാണ് ദീപശിഖ ഏതൻസിലെ തുറമുഖമായ പോർട്ട് ഓഫ് പിറേയസിൽ നിന്ന് ഫ്രാൻസിലേക്ക് പുറപ്പെടുക. മെയ് എട്ടിന് തെക്കൻ ഫ്രഞ്ച് തുറമുഖമായ മാർസെയിൽ ബെലെം അടുക്കും. ഏകദേശം 2,600 വർഷങ്ങൾക്ക് മുമ്പ് ഗ്രീക്ക് കോളനിക്കാർ സ്ഥാപിച്ച നഗരമാണ് മാർസെയെന്ന പ്രത്യേകതയുമുണ്ട്. മാർസെയിൽ നിന്നും 50 ലധികം നഗരങ്ങളിലൂടെ സഞ്ചരിച്ച് പതിനായിരത്തോളം ദീപശിഖാ വാഹകർ കൈമാറിയായിരിക്കും ജൂലൈ 26 ന് പാരീസിലെ ഒളിമ്പിക് സ്റ്റേഡിയത്തിലേക്ക് എത്തുക.

# കർശന നിബന്ധന വച്ച് സെലക്ടർമാർ ഹാർദിക് പാണ്ഡ്യയുടെ സ്ഥാനം തുലാസിൽ

മുംബൈ: വെസ്റ്റ് ഇൻഡീസും അമേരിക്കയും വേദിയാവുന്ന ട്വന്റി 20 ലോകകപ്പിനുള്ള ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീം സ്ക്വാഡിൽ ഓൾറൗണ്ടർ ഹാർദിക് പാണ്ഡ്യയുടെ ഇടം തുലാസിൽ.

മുംബൈ ഇന്ത്യൻസ് ക്യാപ്റ്റനായ പാണ്ഡ്യയുടെ ലോകകപ്പ് സെലക്ഷൻ ഐപിഎല്ലിൽ തുടർന്നുള്ള മത്സരങ്ങളിലെ ബൗളിങ് പ്രകടനത്തെ ആശ്രയിച്ചിരിക്കും എന്നാണ് റിപ്പോർട്ട്. ഐപിഎൽ 2024 സീസണിൽ ഇതുവരെ ബൗളിങ്ങിൽ തിളങ്ങാൻ ഹാർദിക് പാണ്ഡ്യക്കായിട്ടില്ല.

ലോകകപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ ഇന്ത്യൻ മുഖ്യ സെലക്ടർ അജിത് അഗാർക്കറും പ്രധാന കോച്ച് രാഹുൽ ദ്രാവിഡും ക്യാപ്റ്റൻ രോഹിത് ശർമ്മയും കഴിഞ്ഞ ആഴ്ച മുംബൈയിലെ ബിസിസിഐ ആസ്ഥാനത്ത് കൂടിക്കാഴ്ച നടത്തിയിരുന്നു. പേസെറിയുന്ന ബാറ്റിങ് ഓൾ റൗണ്ടർമാർ ഇന്ത്യയിൽ അധികം ഇല്ലാത്ത സാഹചര്യമാണുള്ളത്. അതിനാൽ ഹാർദ്ദിക്കിനൊപ്പം ചെന്നൈ സൂപ്പർ കിങ്സ് താരം ശിവം ദുബെയെയും നിരീക്ഷിക്കാനാണ് ഇന്ത്യൻ ടീമിന്റെ തീരുമാനം.

ഐപിഎൽ 2024 സീസണിൽ മുംബൈ ഇന്ത്യൻസ് ഇറങ്ങിയ ആറിൽ നാല് മത്സരങ്ങളിൽ മാത്രമേ പാണ്ഡ്യ പന്തെറിഞ്ഞുള്ളൂ. ആദ്യ രണ്ട് കളികളിൽ ഗുജറാത്ത് ടൈറ്റൻസിനും സൺറൈസേഴ്സ് ഹൈദരാബാദിനും എതിരെ മുംബൈ ഇന്ത്യൻസിന്റെ ബൗളിംഗ് ഓപ്പൺ ചെയ്തത് പാണ്ഡ്യായിരുന്നു. ഈ മത്സരങ്ങളിൽ മൂന്നും നാലും ഓവറുകൾ വീതം എറിഞ്ഞു. എന്നാൽ പിന്നീടുള്ള രണ്ട് കളികളിൽ പന്തെറിയാൻ തയ്യാറായില്ല. ഇതിന് ശേഷം ആർസിബിക്കെതിരെ ഒന്നും ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ മൂന്നും ഓവറുകളാണ് ബൗളിംഗിലേക്കുള്ള മടങ്ങിവരവിൽ എറിഞ്ഞത്.

ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ മുംബൈയുടെ കഴിഞ്ഞ മത്സരത്തിൽ ഹാർദിക് പാണ്ഡ്യ രണ്ട് വിക്കറ്റ് നേടിയെങ്കിലും മൂന്ന് ഓവറിൽ 43 റൺസ് വഴങ്ങി. തന്റെ അവസാന ഓവറിൽ എം എസ് ധോണിക്കെതിരെ ഹാട്രിക് സിക്സുകൾ വിട്ടുകൊടുത്തത് പാണ്ഡ്യക്ക് നാണക്കേടായി. ഈ ഡെത്ത് ഓവറിൽ മാത്രം 26 റൺസാണ് ചെന്നൈ സൂപ്പർ കിംഗ്സ് താരങ്ങൾ പാണ്ഡ്യക്കെതിരെ അടിച്ചുകൂട്ടിയത്. സിഎസ്കെയ്ക്കെതിരെ ബാറ്റിംഗിലാവട്ടെ ആറ് പന്തിൽ രണ്ട് റൺസേ നേടിയുള്ളൂ. ഇതോടെ ഹാർദിക് പാണ്ഡ്യ ടി20 ലോകകപ്പ് കളിക്കുന്ന കാര്യം അവതാളത്തിലായിരിക്കുകയാണ്.

ഐപിഎൽ 2024ൽ ആറ് കളികളിൽ 131 റൺസും മൂന്ന് വിക്കറ്റും മാത്രമേ ഹാർദിക് പാണ്ഡ്യക്കുള്ളൂ. 12.00 ഇക്കോണിയിലാണ് താരം പന്തെറിയുന്നത് എന്നതാണ് സെലക്ടർമാർക്ക് വലിയ ആശങ്ക സമ്മാനിക്കുന്നത്. ഇന്ത്യൻ ക്രിക്കറ്റ് ടീമിൻറെ സന്തുലിതാവസ്ഥ നിലനിർത്തിയിരുന്ന പേസ് ഓൾറൗണ്ടറായ പാണ്ഡ്യ നാല് ഓവർ ക്വാട്ട എറിയാത്തത് ഇതിനകം വലിയ വിമർശനങ്ങൾക്ക് വഴിവെച്ചുകഴിഞ്ഞു.

ഹാർദിക് പാണ്ഡ്യ ഇപ്പോഴും പരിക്കിന്റെ പിടിയിലാണോ എന്ന സംശയം പല മുൻ താരങ്ങൾക്കുമുണ്ട്. രണ്ട് മത്സരങ്ങളിൽ ബൗളിംഗ് ഓപ്പൺ ചെയ്തിട്ടും ന്യൂബോളിൽ പാണ്ഡ്യക്ക് സ്വിങ്ങോ ഇംപാക്ടോ സൃഷ്ടിക്കാൻ കഴിഞ്ഞില്ല. പതിവ് ശൈലിയിൽ ഹാർദിക് പാണ്ഡ്യയുടെ ബൗൺസറുകളും കട്ടറുകളും ഈ സീസണിൽ ഫലപ്രദമാകുന്നുമില്ല.

ബാറ്റ്സ്മാനെന്ന നിലയിലും ഹാർദിക്കിന് കാര്യമായൊന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നും സെലക്ടർമാർ വിലയിരുത്തുന്നു. ഹാർദിക്കിന് ഓൾറൗണ്ട് പ്രകടനം നടത്താതെ അനായാസം ടി20 ലോകകപ്പ് ടീമിലേക്കെത്താനാവില്ലെന്ന് പറയാം.

മുംബൈ ടീമിന്റെ തോൽവി ഹാർദിക്കിനെ സമ്മർദ്ദത്തിലാക്കുന്നു. ഇത് ടീമിന്റെ പ്രകടനത്തേയും കാര്യമായി ബാധിക്കുന്നുണ്ട്.

# റെക്കോഡുകൾ കടപുഴകി

ബെംഗളൂരു: സൺറൈസേഴ്സ് ഹൈദരാബാദ്റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു മത്സരത്തിൽ തകർന്നുവീണത് ക്രിക്കറ്റ് ചരിത്രത്തിലെ ഒരുപാട് റെക്കോഡുകൾ. മത്സരത്തിൽ ഇരുടീമുകളും 250ന് മുകളിൽ സ്കോർ ചെയ്തു.

സൺറൈസേഴ്സ് കുറിച്ച മൂന്നിന് 287 എന്ന സ്കോർ ട്വന്റി 20 ക്രിക്കറ്റിലെ തന്നെ ഉയർന്ന രണ്ടാമത്തെ സ്കോറാണ്. ഏഷ്യൻ ഗെയിംസിൽ നേപ്പാൾ കുറിച്ച മൂന്നിന് 314 റൺസ് മാത്രമാണ് ഇതിന് മുന്നിലുള്ളത്. സൺറൈസേഴ്സിന് മറുപടി പറഞ്ഞ ആർസിബി ഏഴിന് 262 എന്ന സ്കോർ നേടി. ട്വന്റി 20 ക്രിക്കറ്റിൽ രണ്ടാമത് ബാറ്റ് ചെയ്യുന്ന ടീം നേടുന്ന ഏറ്റവും ഉയർന്ന സ്കോറാണിത്.

മത്സരത്തിൽ ഇരുടീമുകളും അടിച്ചുകൂട്ടിയത് 549 റൺസാണ്. ഈ സീസണിൽ തന്നെ മുംബൈ ഇന്ത്യൻസ്സൺറൈസേഴ്സ് ഹൈദരാബാദ് മത്സരത്തിൽ കുറിക്കപ്പെട്ട 523 റൺസ് തിരുത്തിക്കുറിക്കപ്പെട്ടു.

മത്സരത്തിലാകെ 43 ഫോറും 38 സിക്സും ഉൾപ്പടെ 81 തവണ പന്ത് ബൗണ്ടറി കടന്നു. ട്വന്റി 20 ക്രിക്കറ്റിലെ ഏറ്റവും ഉയർന്ന ബൗണ്ടറികളുടെ എണ്ണമാണിത്.

ഐപിഎല്ലിൽ ഒരു ഇന്നിംഗ്സിൽ ഏറ്റവും കൂടുതൽ സിക്സുകൾ നേടിയ ടീം ഇനി സൺറൈസേഴ്സ് ആണ്. 22 തവണയാണ് സൺറൈസേഴ്സ് താരങ്ങൾ പന്ത് അതിർത്തി കടത്തിയത്. 2013ൽ റോയൽ ചലഞ്ചേഴ്സ് നേടിയ 21 സിക്സുകൾ എന്ന റെക്കോർഡ് പഴങ്കഥയായി.

# ഉടമകൾ മാറണം: മഹേഷ് ഭൂപതി

ബാംഗ്ലൂരിന്റെ പരാജയത്തിനെതിരെ തുറന്നടിച്ച് രംഗത്തെത്തിയിരിക്കുകയാണ് ടെന്നീസ് ഇതിഹാസം മഹേഷ് ഭൂപതി. കായിക മേഖലയ്ക്ക് വേണ്ടി, ഇന്ത്യൻ പ്രീമിയർ ലീഗിന് വേണ്ടി, റോയൽ ചലഞ്ചേഴ്സിന്റെ ആരാധകർക്ക് വേണ്ടി ഈ ടീമിന് പുതിയ ഉടമയുണ്ടാകണം. റോയൽ ചലഞ്ചേഴ്സിനെ പുതിയ ഉടമകൾക്ക് കൈമാറാൻ ബിസിസിഐ മുൻകൈ എടുക്കണം. ഒരു കായിക ടീമിനെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിവുള്ളവർ റോയൽ ചലഞ്ചേഴ്സിൽ വരേണ്ടതുണ്ട്.

ഐപിഎല്ലിലെ മറ്റ് ടീമുകൾ ഇത് മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നുണ്ടെന്നും മഹേഷ് ഭൂപതി വ്യക്തമാക്കി. ക്രിക്കറ്റ് ഒരു ടീം ഇനമാണ്. അവിടെ വ്യക്തിഗത പ്രകടനങ്ങൾക്ക് കാര്യമില്ല. വലിയ താരങ്ങളെ പണം കൊടുത്ത് ടീമിലെത്തിച്ചിട്ട് കാര്യമില്ല. അവർക്ക് വിജയങ്ങൾ നേടാൻ കഴിയില്ല. അത് റോയൽ ചലഞ്ചേഴ്സ് തെളിയിച്ചു. എബി ഡിവില്ലിയേഴ്സ്, വിരാട് കോലി, ഗ്ലെൻ മാക്സ്‌വെൽ, ഫാഫ് ഡു പ്ലെസിസ് തുടങ്ങിയവരെല്ലാം ലോകോത്തര താരങ്ങളാണ്. പക്ഷേ ഓരോ മത്സരത്തിലും വ്യത്യസ്ത താരങ്ങൾ നന്നായി കളിക്കണം.

റോയൽ ചലഞ്ചേഴ്സിൽ താൻ അങ്ങനൊരു കാര്യം കണ്ടിട്ടേയില്ലെന്നും ഇന്ത്യൻ ടെന്നിസ് ഇതിഹാസം വ്യക്തമാക്കി.

# എവർട്ടനെതിരെ ആറടിച്ച് ചെൽസി

ലണ്ടൻ: ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ എവർട്ടനെതിരെ ആറ് ഗോൾ ജയത്തോടെ ചെൽസി. ചെൽസി തട്ടകമായ സ്റ്റാംഫോർഡ് ബ്രിഡ്ജിൽ നടന്ന പോരാട്ടത്തിൽ കോൾ പാൽമർ നാല് ഗോൾ നേടി,

13ാം മിനിറ്റിൽ തന്നെ കോൽ പാൽമറിലൂടെ അവർ മുന്നിലെത്തി. നിക്കൊളാസ് ജാക്സനൊപ്പം പാൽമർ നടത്തിയ മുന്നേറ്റമാണ് ഗോളിലെത്തിയത്.

അഞ്ച് മിനിറ്റിനകം പാൽമർ തന്നെ ലീഡ് ഇരട്ടിപ്പിച്ചു. ജാക്സന്റെ ഷോട്ട് എവർട്ടൻ ഗോൾകീപ്പർ ജോർദൻ പിക്ക്ഫോർഡ് തടഞ്ഞിട്ടപ്പോൾ റീബൗണ്ടിൽ ഹെഡ് ചെയ്തിടുകയായിരുന്നു. 29ാം മിനിറ്റിൽ പാൽമറുടെ ഹാട്രിക്കുമെത്തി. ചെൽസി ഗോൾകീപ്പർ ബോക്സിന് പുറത്തിറങ്ങി നൽകിയ പാസ് പിഴച്ചപ്പോൾ പന്ത് പിടിച്ചെടുത്ത താരം ഗോൾകീപ്പർക്ക് മുകളിലൂടെ വലയിലെത്തിച്ചു. ഹാഫ്ടൈമിന് തൊട്ടുമുമ്പ് നിക്കൊളാസ് ജാക്സൻ ലീഡ് നാലാക്കി ഉയർത്തി. 64ാം മിനിറ്റിൽ നോനി മദ്യൂകെയെ ജെയിംസ് തർകോവ്സ്കി ബോക്സിൽ വീഴ്ത്തിയതിന് ലഭിച്ച പെനാൽറ്റി ലക്ഷ്യത്തിലെത്തിച്ച് പാൽമർ തന്റെ ഗോൾ സമ്പാദ്യം നാലും ലീഡ് അഞ്ചുമാക്കി ഉയർത്തി. പകരക്കാരനായെത്തിയ ആൽഫി ഗിൽക്രിസ്റ്റിലൂടെ 90ാം മിനിറ്റിൽ ചെൽസി ഗോൾപട്ടിക പൂർത്തിയാക്കി.

ജയത്തോടെ പ്രീമിയർ ലീഗിൽ ചെൽസി പരാജയമറിയാത്ത തുടർച്ചയായ എട്ട് മത്സരങ്ങളാണ് പൂർത്തിയാക്കുന്നത്. 31 കളികളിൽ 47 പോയിന്റുമായി ലീഗിൽ ഒമ്പതാമതാണ് ചെൽസി. 32 മത്സരങ്ങൾ കളിച്ച മാഞ്ചസ്റ്റർ സിറ്റി 73 പോയന്റുമായി ഒന്നാമതുള്ളപ്പോൾ 71 പോയന്റുകളുമായി ആഴ്സണലും ലിവർപൂളുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. നാലടിച്ചതോടെ പാൽമർ 20 ഗോളുമായി എർലിങ് ഹാലണ്ടിനൊപ്പം ഗോൾവേട്ടക്കാരുടെ പട്ടികയിൽ ഒന്നാമതെത്തി.

## കർണാടകയിലും ആനക്കലി ഒരു വർഷം, 12 ജീവൻ

ഇരിട്ടി: കേരളത്തിൻറെ അയൽസംസ്ഥനമായ കർണാടകയിലെ കുടക് ജില്ലയിലും കാട്ടാന ശല്യം രൂക്ഷം. ഇന്നലെ രാവിലെ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട തോട്ടം തൊഴിലാളിയാണ് കാട്ടാനയുടെ അവസാനത്തെ ഇര. പൊന്നമ്പേട്ട് താലൂക്കിലെ ബീരുഗ വില്ലേജിൽ ചാമുണ്ഡി മുത്തപ്പ കൊല്ലി റോഡിൽ കാട്ടാനയുടെ ആക്രമണത്തിൽ അയ്യാമട മാദയ്യ (ബോഗ്ഗ 63) ആണു കൊല്ലപ്പെട്ടത്. ഇതോടെ കഴിഞ്ഞ ഒരു വർഷത്തിനിടെ കുടക് ജില്ലയിൽ കാട്ടാനക്കലിയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം 12 ആയി.

രാവിലെ 6.45 ന് സമീപത്തെ തോട്ടത്തിലേക്ക് ജോലിക്കു പോകുന്നതിനിടെ ആണു ബോഗ്ഗ ആക്രമിക്കപ്പെടുന്നത്. ബീരുഗയിലും സമീപ പ്രദേശങ്ങളിലും ഉള്ള കൃഷിയിടങ്ങളിൽ മാത്രമായി 40 ലധികം കാട്ടാനകൾ തമ്പടിച്ചിട്ടുള്ളതായാണ് പ്രദേശവാസികൾ പറയുന്നത്.കുടക് ജില്ലയിൽ എസ്റ്റേറ്റുകൾ അധികമുള്ളതുകൊണ്ട് ഇവിടെ തമ്പടിച്ചിരുന്ന കാട്ടാനകൾ ജനവാസ കേന്ദ്രത്തിൽ ഇറങ്ങി നാട്ടുകാർക്കും തോട്ടം തൊഴിലാളികൾക്കും ഭീഷണി സൃഷ്ടിക്കുന്നത്.അഞ്ചുദിവസം മുന്പ് നെല്ലിഹുദിക്കേരി അരക്കാട് റോഡിൽ ഇരുചക്രവാഹനത്തിന് നേരെ കാട്ടാന നടത്തിയ ആക്രമണത്തിൽ മലയാളിയായ റംഷാദ് തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്.വാഹനം മറിച്ചിട്ട ഉടൻ റംഷാദ് ഓടി മാറി അദ്ഭുതകരമായി ഓടിരക്ഷപ്പെട്ടു. വാഹനം പൂർണമായും തകർത്ത ശേഷമാണു ആന പിന്മാറിയത്.

## വിവാഹേതരബന്ധം : യുവതിയെ അർധ നഗ്നയാക്കി പരേഡ് ചെയ്യിച്ചു

ജയ്പൂർ: വിവാഹേതര ബന്ധമാരോപിച്ച് രാജസ്ഥാനിലെ ബാർമർ ജില്ലയിൽ യുവതിയെ അർധ നഗ്നയാക്കി പരേഡ് ചെയ്യിച്ചു. സംഭവത്തിൽ ആൾക്കൂട്ടത്തിനെതിരെ പൊലീസ് കേസെടുത്തു.

യുവതിയുമായി ബന്ധമുണ്ടെന്ന് പറയുന്ന വ്യക്തിയുടെ ഭാര്യയും കുടുംബവും ചേർന്നാണ് ആൾക്കൂട്ട വിചാരണ നടത്തിയത്. ബാർമർ ജില്ലയിലെ സർവാദി ഗ്രാമത്തിൽ നടന്ന സംഭവത്തിന്റെ വീഡിയോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യാപകമായി പ്രചരിക്കപ്പെട്ടിരുന്നു. അർധ നഗ്നയായ യുവതിയെ മുടിയിൽ പിടിച്ച് തെരുവിൽ വലിച്ചിഴക്കുന്ന ദൃശ്യവും വീഡിയോയിലുണ്ട്. സംഭവത്തിൽ പത്തിലധികം പേരെ പൊലീസ് കസ്റ്റഡിയിലെടുത്തതായി ബാർമർ പൊലീസ് സൂപ്രണ്ട് കുന്ദൻ കവാരിയ പറഞ്ഞു.

# സൽമാൻ ഖാൻ്റെ വീടിനു നേരെ വെടിവച്ച രണ്ടുപേർ പിടിയിൽ



മുംബൈ: ബോളിവുഡ് താരം സൽമാൻ ഖാൻറെ വീടിനു നേരെ വെടിവച്ച സംഭവത്തിൽ രണ്ടുപേരെ മുംബൈ പോലീസ് അറസ്റ്റ് ചെയ്തു. വെടിവച്ച ശേഷം രക്ഷപ്പെട്ട രണ്ട് പ്രതികളെയും ഗുജറാത്തിലെ ഭുജിൽ നിന്നുമാണ് അറസ്റ്റ് ചെയ്തതെന്ന് പോലീസ് പറഞ്ഞു.

കൂടുതൽ അന്വേഷണത്തിനായി ഇവരെ മുംബൈയിൽ എത്തിക്കും. കഴിഞ്ഞ ദിവസം പുലർച്ചെയാണ് സൽമാൻ ഖാൻറെ ബാന്ദ്രയിലെ വസതിക്ക് നേരെ ബൈക്കിലെത്തിയ രണ്ട് പേർ വെടിയുതിർത്തത്. ബൈക്കിൻറെ ഉടമയെ പോലീസ് കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്തിരുന്നു.

എന്നാൽ താൻ ബൈക്ക് വിറ്റതാണെന്ന് ഇയാൾ മൊഴി നൽകിയിരുന്നു. സംഭവത്തെ തുടർന്ന് മഹാരാഷ്ട്ര മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ സൽമാനുമായി ഫോണിൽ സംസാരിച്ചു. സൽമാൻ ഖാൻറെ സുരക്ഷ വർധിപ്പിക്കാൻ മുംബൈ പോലീസ് കമ്മീഷണർക്ക് മുഖ്യമന്ത്രി നിർദേശം നൽകി.

ഗുണ്ടാസംഘങ്ങളായ ലോറൻസ് ബിഷ്ണോയിയുടെയും ഗോൾഡി ബ്രാറിൻറെയും ഭീഷണിയെത്തുടർന്ന് സൽമാൻ ഖാന് വൈ പ്ലസ് സുരക്ഷ ഒരുക്കിയിരുന്നു.

# രജ്പുത് വിരുദ്ധ പരാമർശം: പർഷോത്തം രൂപാലയെ ഒഴിവാക്കണം

ഗാന്ധിനഗർ : കേന്ദ്രമന്ത്രി പർഷോത്തം രൂപാലയെ ബിജെപി സ്ഥാനാർത്ഥിത്വത്തിൽ നിന്ന് മാറ്റണമെന്ന് രജ്പുത് സമുദായം. നിലവിൽ ഗുജറാത്തിലെ രാജ്കോട്ട് ലോക്സഭാ സീറ്റിലെ സ്ഥാനാർത്ഥിയാണ് രൂപാല.

മാർച്ച് 22 ന് നടന്ന തെരഞ്ഞെടുപ്പ് റാലിയിലാണ് രജ്പുത് സമുദായത്തിനെതിരെ ആക്ഷേപകരമായ പരാമർശം രൂപാല നടത്തിയത്. ബ്രിട്ടീഷുകാർ ഉൾപ്പെടെയുള്ള വിദേശ ഭരണാധികാരികൾക്കെതിരെ ദളിത് സമൂഹം അടിയുറച്ച് നിന്നപ്പോൾ 'മഹാരാജാക്കൻമാർ' കീഴടങ്ങിയെന്നും മക്കളെ അവർക്ക് വിവാഹം ചെയ്ത് നൽകിയെന്നുമായിരുന്നു രൂപാലെയുടെ വിവാദ പരാമർശം. ഇതിന് പിന്നാലെയാണ് മന്ത്രിയെ മണ്ഡലത്തിൽ നിന്ന് പിൻവലിക്കണമെന്ന് സമുദായം ആവശ്യപ്പെട്ടത്. പരാമർശത്തിൽ മന്ത്രി മാപ്പപേക്ഷ നടത്തിയിരുന്നുവെങ്കിലും പ്രതിഷേധവുമായി അംഗങ്ങൾ മുന്നോട്ടുപോകുകയായിരുന്നു. ബിജെപി മുതിർന്ന നേതാക്കൾ രജ്പുത് സമുദായ നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയിരുന്നുവെങ്കിലും തീരുമാനത്തിൽ എത്താൻ കഴിഞ്ഞിരുന്നില്ല. രൂപാലയെ നീക്കം ചെയ്യണമെന്ന തങ്ങളുടെ ആവശ്യത്തിൽ ഉറച്ചുനിൽക്കുന്നുവെന്നും കോർ കമ്മിറ്റി അംഗമായ രാംജൂഭ ജഡേജ പറഞ്ഞു. മാപ്പ് പറഞ്ഞത് രൂപാലയുടെ വെറും പ്രഹസനമായിരുന്നുവെന്നും ജഡേജ ആരോപിച്ചു. രൂപാലക്കെതിരെ രജ്പുത് വനിതാ നേതാവ് ത്രിപ്തിബ വാല അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചിരുന്നു.

# നിർമാണത്തിലിരുന്ന വീടിൻറെ മേൽക്കൂര തകർന്നു; രണ്ടു തൊഴിലാളികൾക്ക് ദാരുണാന്ത്യം

ലക്നോ: ഉത്തർപ്രദേശിൽ നിർമാണത്തിലിരിക്കുന്ന വീടിൻറെ മേൽക്കൂര തകർന്ന് രണ്ട് തൊഴിലാളികൾ മരിക്കുകയും 17 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മുസാഫർനഗറിലെ ടാൽഡ ഗ്രാമത്തിലാണ് സംഭവം.

പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവരിൽ ഒരാളുടെ ആരോഗ്യനില ഗുരുതരമാണ്.

മോഹിത് (30), പിയൂഷ് (28) എന്നിവരാണ് മരിച്ചതെന്ന് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ഡി.കെ. താക്കൂർ മാധ്യമങ്ങളോട് പറഞ്ഞു.

പരിക്കേറ്റവർക്ക് ഏറ്റവും മികച്ച ചികിത്സ ഉറപ്പാക്കാൻ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഭരണകൂടത്തിന് നിർദ്ദേശം നൽകി.

അതേസമയം, കെട്ടിട ഉടമയെയും കരാറുകാരനെയും പോലീസ് അറസ്റ്റ് ചെയ്തു.

വീട്ടുടമസ്ഥനായ മുർസലിൻ ഖുറേഷിക്കും കരാറുകാരൻ അജബ് സിംഗിനുമെതിരെ സെക്ഷൻ 288 (കെട്ടിടങ്ങൾ പൊളിക്കുന്നതിനോ അറ്റകുറ്റപ്പണി നടത്തുന്നതിനോ ഉള്ള അശ്രദ്ധമായ പെരുമാറ്റം), 304 (മനഃപൂർവമല്ലാത്ത നരഹത്യയ്ക്കുള്ള ശിക്ഷ) എന്നിവ പ്രകാരം പോലീസ് കേസെടുത്തിട്ടുണ്ടെന്ന് പോലീസ് സൂപ്രണ്ട് (റൂറൽ) ആദിത്യ ബൻസാൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

# കവിത 23 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ

ന്യൂഡൽഹി: ഡൽഹി മദ്യനയ കേസിൽ ബിആർഎസ് നേതാവ് കെ കവിതയെ ഡൽഹി റൗസ് അവന്യൂ കോടതി ഏപ്രിൽ 23 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. നേരത്തെ സിബിഐ കസ്റ്റഡിയിലായിരുന്ന കവിതയെ കസ്റ്റഡിയിൽ വേണ്ടെന്ന് സിബിഐ അറിയിച്ചതിനെ തുടർന്നാണ് ജുഡീഷ്യൽ കസ്റ്റഡിയിലേക്ക് മാറ്റിയത്. പ്രത്യേക കോടതിയിൽ നിന്ന് അനുമതി വാങ്ങിയ ശേഷം സിബിഐ ഉദ്യോഗസ്ഥർ അടുത്തിടെ കവിതയെ ജയിലിൽ ചോദ്യം ചെയ്തിരുന്നു.

മാർച്ച് 15 ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്ത ബിആർഎസ് നേതാവ് ഇപ്പോൾ തിഹാർ ജയിലിലാണ്. എഎപി നേതാക്കളായ മനീഷ് സിസോദിയയ്ക്കും സഞ്ജയ് സിങ്ങിനും ശേഷം കേസിൽ അറസ്റ്റിലാകുന്ന മൂന്നാമത്തെ ഉന്നത രാഷ്ട്രീയ നേതാവായിരുന്നു കവിത. മാർച്ച് 21 ന്, കേസിൽ ഡൽഹി മുഖ്യമന്ത്രിയായ അരവിന്ദ് കെജ്രിവാളിനെയും പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. പ്രത്യേക ജഡ്ജി കാവേരി ബവേജയുടെ നേതൃത്വത്തിലുള്ള ബെഞ്ചാണ് കേസ് പരിഗണിച്ചത്. 'ഇത് സിബിഐ കസ്റ്റഡിയോ ജുഡീഷ്യറി കസ്റ്റഡിയോ അല്ല, ബിജെപി കസ്റ്റഡിയാണ്' എന്നായിരുന്നു ബിആർഎസ് നേതാവിന്റെ ആദ്യ പ്രതികരണം. ഡൽഹി മദ്യനയക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്!രിവാളുമായും ആം ആദ്!മി പാർട്ടി (എഎപി) നേതാവ് മനീഷ് സിസോദിയയുമായും കവിത ഗൂ!ഢാലോചന നടത്തിയെന്നും നൂറ് കോടി രൂപ കൈപ്പറ്റിയെന്നുമാണ് ഇഡിയുടെ ആരോപണം.